പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 36 ലക്കം ജനുവരി 2018 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



**വിശുദ്ധിയുടെ മാതൃകയായ**
**മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന**
**പ്രത്യാശ ഞങ്ങൾക്ക് നല്കണമേ.**

അടിയേല്ക്കുകയും തന്റെ മുറിവുകളാൽ
നമ്മെ രക്ഷിക്കുകയും ചെയ്തവന്
നമുക്കു നന്ദിപറയാം. തന്റെ മുള്ളുകളാൽ
നമ്മുടെ ശാപം നീക്കിയവനു നന്ദിപറയാം.
തന്റെ മരണത്താൽ
മരണത്തെ കൊന്നവനു നന്ദിപറയാം.
നിശബ്ദനായിരുന്ന്
നമ്മെ നീതീകരിച്ചവനു നന്ദിപറയാം.
നമ്മെ വിഴുങ്ങിയ മരണത്തിൽ
നിലവിളിച്ചവനു നന്ദിപറയാം.
ആരുടെ നന്മകൾ ദൈവത്തിന്റെ
ശത്രുക്കളെ നശിപ്പിച്ചുവോ അവൻ
അനുഗ്യഹീതനാകുന്നു.
(മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ)

പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

വാല്യം 36 നോമ്പ് ലക്കം ജനുവരി 2018

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ഉപവാസത്തിന്റെ മാധുര്യം ദൈവിക സഹവാസത്തിൽ 6
- രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമായ ദൈവത്തിന്റെ സ്നേഹം 8
- നന്മ കാണുക 11
- പരീക്ഷിക്കാൻ തിന്മയുടെ ശക്തി 12
- വയലറ്റ് പൂക്കൾ വീണ്ടും വിരിയട്ടെ 15
- ഞാനുണ്ട് നിന്റെ കൂടെ 17
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- കാൽവരിയിലേക്കുള്ള ദൂരം 20
- എന്തിന് കുമ്പസാരിക്കണം 22
- നന്മയിൽ സ്നേഹം കേന്ദ്രീകരിക്കുന്നതിനുള്ള തടസ്സങ്ങൾ 24
- തിരിച്ചു നടക്കാനറിയാവുന്നവർ 25
- വിരിയാൻ വിതുമ്പുന്ന പൂമൊട്ടുകൾ 28
- സെനക്കിൾ തരംഗം 30
- വയോജനങ്ങൾക്കായി ഒത്തുചേരാം 31
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# സ്നേഹത്തിന്റെ മുഖം

സ്നേഹത്തിന്റെ മുഖമാണ് കാൽവരി...

തന്റെ ഏകജാതനെപോലും നല്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവപിതാവിന്റെ സ്നേഹത്തിന്റെ മുഖം...

ദൈവപുത്രനായിരുന്നിട്ടും സ്വയം ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരക്ഷയ്ക്കായി കഠോരമായ പീഡകൾ സഹിച്ച്, അവസാനതുള്ളി രക്തംവരെ ചൊരിഞ്ഞ പുത്രനായ ദൈവത്തിന്റെ സ്നേഹത്തിന്റെ മുഖം...

ഈശോയുടെ ജീവത്യാഗത്തിലൂടെയും അതിലൂടെയുള്ള അവിടുത്തെ മഹത്ത്വീകരണത്തിലൂടെയും മനുഷ്യമക്കൾക്ക് കരഗതമായ പരിശുദ്ധാത്മാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ മുഖം...

അതെ... ത്രിയേകദൈവത്തിനു നാമോരോരുത്തരോടുമുള്ള സ്നേഹത്തിന്റെ അത്യുച്ചിയാണ് കാൽവരിഗിരിയിലുയർന്ന ക്രൂശിതൻ.

ദൈവത്തിന്റെ ഈ സ്നേഹം നമ്മിലും പ്രതിഫലിക്കണം. അതിനായി അവിടുത്തെ സ്നേഹത്തിന്റെ മുഖം നാം ധ്യാനിക്കണം. ഉപവാസത്തിന്റെയും അനുതാപത്തിന്റെയും ഉപരിപ്രാർത്ഥനയുടെയും നാളുകളിലേക്കു പ്രവേശിക്കുമ്പോൾ ഇതു നമ്മുടെ ഓർമ്മയിലുണ്ടായിരിക്കട്ടെ. ഈശോയുടെ പീഡാനുഭവവും മരണവുമാകുന്ന രക്ഷാകരരഹസ്യങ്ങളുടെ ഓർമ്മ കൊണ്ടാടുന്ന വലിയ നോമ്പിന്റെ ഈ ദിനങ്ങൾ പ്രാർത്ഥനയിലുള്ള ആഴപ്പെടലിലൂടെയും നിശബ്ദതയിൽ ഈ കാലഘട്ടത്തിലെ മിശിഹാരഹസ്യങ്ങൾ ധ്യാനിക്കുന്നതിലൂടെയും പരസ്നേഹപ്രവൃത്തികൾ ചെയ്ത് ദൈവസ്നേഹം മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കുന്നതിലൂടെയും അർത്ഥവത്താക്കുവാൻ നമുക്ക് പരിശ്രമിക്കാം.

**ചീഫ് എഡിറ്റർ**



# ഉപവാസത്തിന്റെ മാധുര്യം ദൈവികസഹവാസത്തിൽ

**സി. എലിസബത്ത് കൊച്ചുമഠത്തിൽ**
ബേസ് തോമാ ദയറ, പാലമറ്റം

ഉപവാസത്തിനും പരിത്യാഗത്തിനും അനുരഞ്ജനത്തിനും സ്വയം വിശുദ്ധീകരണത്തിനും വേദിയൊരുക്കിക്കൊണ്ട് ഒരിക്കൽകൂടി "സവ്മാ റമ്പാ" സമാഗതമാകുന്നു. വലിയനോമ്പ്, അമ്പത് നോമ്പ് എന്നീ പേരുകളിൽ ഈ കാലം അറിയപ്പെടുന്നു. തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്താൽ നിറഞ്ഞ് നമ്മുടെ ശരീരത്തെയും അതിന്റെ ദുർവാസനകളെയും നിയന്ത്രിച്ച്, മിശിഹായുടെ സഹനജീവിതത്തിൽ പങ്കുചേർന്ന് ആത്മവിശുദ്ധീകരണത്തിനായി പരിശ്രമിച്ച് നമ്മുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുവാനുള്ള അവസരമാണ് വലിയനോമ്പുകാലമെന്ന് സഭാമാതാവ് നമ്മെ അനുസ്മരിപ്പിക്കുന്നു.

നോമ്പുകാലം യഥാർത്ഥത്തിൽ തിരിഞ്ഞുനോക്കലിന്റെയും (പേത്തുർത്താ) അനുരഞ്ജനത്തിന്റെയും അവസരമാണ്. പാപ



## പ്രതീക്ഷയുടെ പൂമൊട്ടുകൾ

ത്തിന്റെ തിക്തഫലമായി ദൈവസ്നേഹത്തിന്റെ മാധുര്യം നഷ്ടപ്പെടുത്തി ഓടിയകന്ന മനുഷ്യനെ തേടിയെത്തുന്ന സ്നേഹമാണ് നമ്മുടെ ദൈവം. ദൈവം തന്നോടുള്ള ഐക്യത്തിൽ വസിക്കുവാൻ മനുഷ്യനെ ക്ഷണിക്കുന്നു. മനുഷ്യനാകട്ടെ ദൈവത്തിന്റെ ശത്രുവായ പാപത്തിന്റെ പക്ഷത്ത് (റോമാ 5,10) അണിചേർന്ന് സ്വയംനാശത്തിന്റെ പാതയിലൂടെ പായുന്നു. പാപത്തിന്റെ ഈ വഴിയിൽനിന്ന് പിന്തിരിഞ്ഞ് ദൈവസ്നേഹത്തിന്റെ വഴിയിലേക്ക് നമ്മെ നയിക്കുന്ന രാജവീഥിയാണ് അനുതാപം അഥവാ മാനസാന്തരം. പിതാവിലേക്കുള്ള തിരിച്ചുവരവാണ് നമ്മുടെ മാനസാന്തരം. ഈശോമിശിഹായുടെ മുന്നോടിയായ യോഹന്നാൻ മാംമ്ദാന പറയുന്നു: "നിങ്ങൾ പശ്ചാത്തപിക്കുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 3,2). ഈശോ തന്നെയും പറയുന്നുണ്ട്: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1,15). അതിനാൽ നോമ്പുകാലം പശ്ചാത്താപത്തിനും മാനസാന്തരത്തിനുമുള്ള കാലമാകുന്നു.

"അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്ക് പ്രസാദിപ്പിക്കാം" എന്ന് മാർതോമാ നസ്രാണികളായ നമ്മൾ അനുദിനം പരിശുദ്ധ കുർബാനയിൽ പ്രാർത്ഥിക്കുന്നുണ്ട്. സ്രഷ്ടാവായ ദൈവത്തെ പ്രസാദിപ്പിക്കുകയെന്നത് സൃഷ്ടികളായ നമ്മുടെ ഏറ്റവും വലിയ കടമയാണ്; ഉത്തരവാദിത്വമാണ്. മിശിഹായിൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തെ പ്രസാദിപ്പിക്കുകയാണ് ഓരോ മിശിഹാനുയായികളുടെയും ജീവിതധർമ്മം. അതിനുള്ള മാർഗ്ഗമാണ് അവിടുത്തെ സന്നിധിയിൽ ഹൃദയങ്ങൾ തുറക്കുകയെന്നത്. ആത്മാർത്ഥതയുടെയും നിഷ്കളങ്കതയുടെയും സമ്പൂർണ്ണാശ്രയത്വത്തിന്റെയും നിമിഷങ്ങളാണ് ഉപവാസവും പ്രാർത്ഥനയും അനുതാപവും.

ഉപവാസം സഹനമാണ്. ദൈവത്തോടു കൂടിയുള്ള വാസം. കർത്താവിനു സ്വീകാര്യവും സന്തോഷദായകവുമായ ഉപവാസം എന്താണ് എന്ന് ഏശയ്യാനിവ്യാ പറയുന്നു: "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ ഉപവാസം?" (ഏശ 58,6-7). സ്നേഹത്തിന്റെയും സേവനത്തിന്റെയും ത്യാഗത്തിന്റെയും ജീവിതം അതാണ് ദൈവം ആഗ്രഹിക്കുന്ന ഉപവാസം.

മാർ അപ്രേം ഉപവാസത്തെപ്പറ്റി പറയുന്നു: "ആദാം ഏദേൻതോട്ടത്തിൽ വച്ച് തെറ്റു ചെയ്യുവാനുപയോഗിച്ച അതേ ആയുധത്താൽ നമ്മുടെ കർത്താവു തെറ്റിനെ തോല്പിച്ചു. കനി തിന്നാനുള്ള മോഹത്താൽ ആദാം തെറ്റിലകപ്പെട്ടു. ഭക്ഷണത്താലെ വഴിതെറ്റിച്ച ദുഷ്ടനെ അഥവാ സാത്താനെ ഭക്ഷണത്തിൽനിന്നുള്ള ഉപവാസംവഴി മിശിഹാ തോല്പിച്ചു" (ഉപവാസഗീതങ്ങൾ, അനുബന്ധം 1,7). വിലക്കപ്പെട്ട കനി ആദിമമനുഷ്യൻ ഭക്ഷിച്ചതോടെ പാപം ലോകത്തിൽ ഉടലെടുത്തു. അതിന് പാപത്തിനു കാരണമായ ഭക്ഷണം ഉപേക്ഷിക്കുക പാപത്തിൽനിന്ന് അകലുവാനുള്ള ഒരു ഉപാധിയും പാപപരിഹാരമാർഗ്ഗവുമാണെന്ന് മനുഷ്യൻ മനസ്സിലാക്കി. അപ്പംകൊണ്ടു മാത്രമല്ല, ദൈവവചനംകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത് എന്ന് ഈശോമിശിഹാ തന്നെ പറഞ്ഞിട്ടുള്ളതാണല്ലോ (മത്താ 4,4).



ഈശോ പരസ്യജീവിതം ആരംഭിക്കുന്ന തിനു മുമ്പ് നാല്പതു ദിവസം ഉപവസിച്ചു (മത്താ 4,2; ലൂക്കാ 4,2). സ്വർഗ്ഗീയ പിതാവ് തന്നെ ഏല്പിച്ച മഹത്തായ ദൗത്യം നിറവേ റ്റാൻ ഈ ഉപവാസംവഴി അവിടുന്ന് ശക്തി സംഭരിക്കുകയായിരുന്നു. പൗരസ്ത്യസുറിയാ നിസഭയിലെ ദൈവശാസ്ത്രജ്ഞനായ ഏദ്ദേ സായിലെ സൈറസ് പറയുന്നു: "ഉപവാസവും പ്രാർത്ഥനയും ദൈവസഹായമാണ്. ഈ ഇരട്ട സഹായകർ മനുഷ്യരിൽ ചൊരിയുന്ന സഹാ യവും ശക്തിയും വളരെയാണ്. വഞ്ചകനെ തിരെ ഈ രണ്ടു പടയാളികളും ഘോരമായി യുദ്ധം ചെയ്യുന്നു. ദുഷ്ടശക്തികളെ മനുഷ്യ നിൽ നിന്നകറ്റുവാൻ സഹായിക്കുന്നു. പ്രാർത്ഥന ആത്മാക്കളെ സുരക്ഷിതമാക്കു കയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അതു കൊണ്ട് ഉപവാസത്തിനും പ്രാർത്ഥനയ്ക്കും വേണ്ടി നിലകൊള്ളുകയും അതിൽതന്നെ നില നിൽക്കുകയും ചെയ്യുവിൻ. വരാനിരിക്കുന്ന ലോകത്തിൽ മാത്രമല്ല, ഈലോകജീവിതത്തി ലുമത് നമുക്ക് വിജയവും മുക്തിയും കിരീട വും നൽകുന്നു".

നോമ്പിന്റെ സന്ദേശത്തിൽ ഏറ്റവും മുന്നി ട്ടുനിൽക്കുന്നത് സ്വയം വിശുദ്ധീകരണമാണ്. പരിത്യാഗത്തിലൂടെ മാത്രമേ സ്വയം വിശുദ്ധീ കരണം നടക്കുകയുള്ളൂ. പാപത്തിന്റെ തിക്തഫലങ്ങളെക്കുറിച്ചും, അനുതാപത്തിന്റെ ആവശ്യകതയെപ്പറ്റിയും അനുരഞ്ജനത്തെക്കു റിച്ചുമെല്ലാം നോമ്പുകാലത്തെ വായനകളും പ്രാർത്ഥനകളും നമ്മെ അനുസ്മരിപ്പിക്കുന്നു. പ്രഭാഷക ഗ്രന്ഥത്തിൽ ഹെനോക്കിന്റെ അനു താപത്തെ എല്ലാ തലമുറകൾക്കും ഒരു മാതൃ കയായി എടുത്തുകാണിക്കുന്നുണ്ട് (പ്രഭാ 44,16). തന്നെ മുഴുവനായും ദൈവത്തിന് വിട്ടു കൊടുത്ത് അവിടുത്തേക്കു പ്രിയങ്കരനായി ജീവിച്ചു എന്നതാണ് അദ്ദേഹത്തിന്റെ സവിശേ ഷത. അനുതപിക്കുന്ന ഹൃദയത്തെ ദൈവം ഒരിക്കലും നിരസിക്കുകയില്ല.

ഉപവാസം, പ്രാർത്ഥന, അനുതാപം ഈ ദൈവികകാര്യങ്ങൾ ജീവിതത്തിൽ ഫലപ്രദ മായി നിറവേറ്റിയ നിരവധി വ്യക്തികൾ അതി ലൂടെ പവിത്രീകൃതരായതായി നമുക്ക് കാണു വാൻ സാധിക്കും. ഉപവാസം വഴി മൂശെക്ക് സ്രഷ്ടപ്രപഞ്ചത്തിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അറിവു നല്കി (പുറ 24,15 -18). ഇതവനെ ദൈവത്തിന്റെ സഹചാരി യാക്കിമാറ്റി. ഉപവസിച്ച ഏലിയാനിവ്യായെ ദീർഘയാത്രയിൽ ശക്തിപ്പെടുത്തി; വിസ്മയകരമായ വെളിപാടുകൾ അവനു നല്ക പ്പെട്ടു (1 രാജാ 19,8-14). ഉപവസിച്ച ദാനിയേൽ നിവ്യായ്ക്ക് വിശുദ്ധ രഹസ്യങ്ങൾ വെളിപ്പെ ടുത്തിക്കൊടുകയും സിംഹങ്ങളുടെ വായ്കൾ അടച്ച് ദൈവം അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്തു (ദാനി 2,19; 6,22). ആളിപടർന്ന തീജ്ജ്വാ ലയുടെ നടുവിൽനിന്ന് ഹന്നനിയായും കൂട്ടരും (ദാനി 3,49) ഉപവാസം വഴി മരണത്തിന്റെ വക്കി ലായിരുന്ന നിനിവേക്കാരും രക്ഷ പ്രാപിച്ചു.

ഉപവാസം വഴിയായി തന്റെ സവിധത്തി ലേക്ക് കടന്നുവരുന്ന ഒരുവനെയും ദൈവം വെറും കൈയ്യോടെ തിരിച്ചയച്ചിട്ടില്ല. പശ്ചാ ത്തപിച്ചു തിരിച്ചുവന്ന നിരവധി വ്യക്തികളെ പുതിയനിയമത്തിൽ നമുക്ക് കാണുവാൻ സാധി ക്കും. പാപിനിയായ സ്ത്രീ (ലൂക്കാ 7,27-38). സക്കേവൂസ് (ലൂക്കാ 19,1-9) ധൂർത്തപുത്രൻ (ലൂക്കാ 15,11-21)... ഇവരെല്ലാം അനുതപിച്ച് പാപങ്ങൾ ഏറ്റുപറഞ്ഞ് അതിന് പരിഹാരം ചെയ്തവരാണ്. ചുരുക്കത്തിൽ ഈ വലിയ നോമ്പുകാലത്തിൽ ഉപവാസവും പ്രാർത്ഥ നയും അനുതാപവുംവഴി സ്വയം വിശുദ്ധീക രിച്ചുകൊണ്ട് ദൈവസ്നേഹത്തിൽ ആഴപ്പെടു വാൻ നമുക്ക് പരിശ്രമിക്കാം.



# രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണ്ണായകമായ ദൈവത്തിന്റെ സ്നേഹം

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

സെനക്കിളിൽ പാദം കഴുകൽ ശുശ്രൂഷയ്ക്കുശേഷം, ശിഷ്യരുമായി പങ്കുവച്ച ഈശോയുടെ ഹൃദയസ്പർശകമായ സ്നേഹത്തിന്റെ നിമിഷങ്ങളും വാക്കുകളുമാണ് യോഹ 13,21-30 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. യോഹന്നാൻ-യൂദാസ് ശ്ലീഹന്മാരെ വലത്തും ഇടത്തുമായി ഇരുത്തിക്കൊണ്ടാണ് ഈ രംഗം സംവിധാനം ചെയ്തിരിക്കുന്നത്. വലത്തുവശത്തിരുന്ന് ഈശോയുടെ മാർവിലേക്കു ചാഞ്ഞിരുന്ന് ഈശോയുടെ സ്നേഹം സ്വീകരിക്കുന്ന യോഹന്നാൻ (13,25). യൂദാസിനെ ഇടത്തുവശത്തിരുത്തി അയാളുടെ മാർവിലേക്കു ചാരിയിരുന്ന് അയാളെ സ്നേഹിക്കുന്ന ഈശോ (13,26).

## മരണവേദനയിലും സ്നേഹിക്കുന്ന ഈശോ

"ഇതു പറഞ്ഞപ്പോൾ ഈശോ ആത്മാവിൽ അസ്വസ്ഥനായി. അവൻ വ്യക്തമായി പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" (13,21). താൻ സ്നേഹിക്കുന്ന ശിഷ്യ

രിലൊരാളായ യൂദാസിലൂടെ ഒറ്റിക്കൊടുക്കപ്പെട്ട് താൻ മരണശിക്ഷയ്ക്ക് വിധിക്കപ്പെടാൻ പോകുന്നു എന്ന മുന്നറിവാണ് ഈ വാക്കുകൾ പറയുവാൻ ഈശോയെ പ്രേരിപ്പിച്ചത് (13,18-20). 'ആത്മാവിൽ അസ്വസ്ഥനായ' അനുഭവം ഗദ്സെമനി അനുഭവത്തെ അനുസ്മരിപ്പിക്കുന്നതാണ് (മത്താ 26,36-46; മർക്കോ 14,32-42; ലൂക്കാ 22,40-46). മരണവേദനയുടെ ആധിക്യത്തിൽ ആശ്വാസം കണ്ടെത്തുവാനാണ് ഈ വാക്കുകൾ ഈശോ തന്റെ ശിഷ്യരോടു പറയുന്നത്. മരണവേദനയുടെ മദ്ധ്യത്തിലും ഈശോ യൂദാസിനെ സ്നേഹിക്കുന്നു. വെറുതെ സ്നേഹിക്കുകയല്ല, തന്റെ ഇടത്തുവശത്തിരുത്തി യൂദാസിന്റെ മാർവ്വിലേക്കു ചാരിയിരുന്നു സ്നേഹിക്കുന്നു. ഇതാണ് ദൈവത്തിന്റെ പരമാവധിസ്നേഹം.



## ശത്രുവിനു ബുദ്ധിമുട്ടു വരുത്താത്ത സ്നേഹം

യൂദാസിനു യാതൊരു ബുദ്ധിമുട്ടും വരുത്താതിരിക്കാൻ ഈശോ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ടാണ് ഈശോ പേരു വെളിപ്പെടുത്താതെ 'നിങ്ങളിലൊരാൾ' എന്നു മാത്രം പറഞ്ഞത്. പേരു വെളിപ്പെടുത്തിയിരുന്നെങ്കിൽ മറ്റു ശിഷ്യന്മാരുടെ ഭാഗത്തുനിന്ന് ഉണ്ടാകാവുന്ന പ്രതികരണങ്ങൾ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അതൊന്നും ഉണ്ടാകാനിടയാകാതെയാണ് ഈശോ തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്ന യൂദാസിനെക്കുറിച്ചു പറയുന്നത്. സ്നേഹത്തിന്റെ അടയാളമായി അപ്പക്കഷണം പങ്കുവച്ചുകൊണ്ടാണ് യൂദാസിനെ, താൻ സ്നേഹിക്കുന്ന യോഹന്നാന്, ചൂണ്ടിക്കാണിച്ചുകൊടുക്കുന്നത്. ആർക്കും ഒരു ബുദ്ധിമുട്ടും വരുത്താതെ ശത്രുമിത്രഭേദമെന്യേ എല്ലാവരെയും സ്നേഹിക്കുന്ന ഈശോയുടെ സ്നേഹമാണ് - ദൈവത്തിന്റെ പരമാവധി സ്നേഹമാണ് - ഇവിടെയും ഈശോ വെളിപ്പെടുത്തുന്നത്.

## സ്നേഹിക്കുന്നവന് ജീവൻ നല്കുന്ന സ്നേഹം

"ശിഷ്യന്മാരിൽ ഈശോ സ്നേഹിച്ചിരുന്നവൻ അവന്റെ വക്ഷസ്സിലേക്കു ചാരിക്കിടന്നിരുന്നു" (13,23). 'ഈശോ സ്നേഹിച്ച ശിഷ്യൻ' യോഹന്നാനാണെന്ന് എല്ലാവർക്കും അറിയാം. യോഹന്നാൻ ഈശോയുടെ വക്ഷസ്സിലേക്കു ചാരിക്കിടന്നിരുന്നുവെന്നു പറയുന്നത് ഈശോയുടെ സ്നേഹത്തിന് യോഹന്നാൻ കൊടുക്കുന്ന പ്രതിസ്നേഹത്തെ സൂചിപ്പിക്കുന്നതാണ്. ഈശോയുടെ സ്നേഹം സ്വീകരിച്ച് ആ സ്നേഹത്തിനു പ്രതിസ്നേഹം നല്കുന്ന പ്രത്യുത്തരത്തിന്റെ ആൾരൂപമാണ് യോഹന്നാൻ. "പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ

സ്നേഹത്തിൽ നിലനില്ക്കുവിൻ" (യോഹ 15,9) എന്ന ഈശോയുടെ കല്പനാനുസൃതമായ ജീവിതമാണ് ഇതു സൂചിപ്പിക്കുന്നത്. അപ്രകാരമുള്ള ജീവിതം നയിക്കുന്നവർക്ക് ഈശോയുടെ സ്നേഹം ജീവൻ നല്കുന്ന സ്നേഹമായിരിക്കും.

## സ്നേഹിക്കാത്തവന് ശിക്ഷാവിധിക്കു കാരണമാകുന്ന സ്നേഹം

"അവൻ അപ്പക്കഷണം മുക്കി ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനു കൊടുത്തു. അപ്പക്കഷണം സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു" (13,26-27). യൂദാസ് ഈശോയെ ഒറ്റിക്കൊടുത്തുവെന്ന കാര്യം യോഹന്നാൻ സുവിശേഷകൻ പറയുന്നില്ല. എന്നാൽ യൂദാസ് കള്ളനും ദ്രവ്യാഗ്രഹിയുമായിരുന്നുവെന്ന് സൂചിപ്പിക്കുന്നുണ്ട് (12,6). യൂദാസ് സാത്താന്റെ സ്വാധീനത്തിലായിരുന്നുവെന്നും പറയുന്നുണ്ട് (13,2). അതിന്റെ ഫലമായി സ്നേഹത്തിന്റെ മുമ്പിൽ വിശ്വാസത്തിന്റെ പ്രതികരണശേഷിയില്ലാതെ ഹൃദയകാഠിന്യമുള്ളവനായിത്തീരുന്നു എന്ന സൂചനയാണുള്ളത്. ഈശോയുടെ പാദം കഴുകൽ ശുശ്രൂഷ യൂദാസിനെ സ്പർശിക്കുന്നില്ല. "നിങ്ങളിലൊരാൾ എന്നെ ഒറ്റിക്കൊടുക്കും" (13,21) എന്ന ഈശോയുടെ പ്രസ്താവന മറ്റുള്ളവരെ ആകുലചിത്തരാക്കിയപ്പോൾ (13,22) യൂദാസിൽ ഒരു ചലനവുമുളവാക്കിയില്ല. യൂദാസിനോടുള്ള സ്നേഹത്തിന്റെ അടയാളമായി ഈശോ അപ്പക്കഷണം മുക്കി യൂദാസിനു കൊടുത്തിട്ടും അത് യൂദാസിൽ ഒരു പ്രതികരണവും സൃഷ്ടിച്ചില്ല എന്നു മാത്രമല്ല, സാത്താൻ അവനിൽ പ്രവേശിച്ചു എന്നും പറയുന്നു (13,27). "അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തുപോയി. അപ്പോൾ രാത്രിയായിരുന്നു" (13,30) എന്നു പറയുന്നത് യൂദാസ് ശിക്ഷാവിധിയിലേക്കു നടന്നു നീങ്ങുന്നതിനെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ സ്നേഹം, സ്വീകരിച്ച് പ്രതിസ്നേഹം നല്കുന്നവർക്ക് ജീവനും തിരസ്കരിക്കുന്നവർക്ക് ശിക്ഷാവിധിക്കും കാരണമാകുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**





# നന്മ കാണുക

**ഫാ. ഷിബു പുളിക്കൽ**
നെരൂൾ, കല്യാൺ രൂപത

ഒരു ആശ്രമത്തിലെ നിയമമനുസരിച്ച്, അവിടുത്തെ സന്യാസികൾക്ക് വർഷത്തിൽ രണ്ടു വാക്കുകൾ മാത്രമേ സംസാരിക്കാൻ അനുവാദമുണ്ടായിരുന്നുള്ളു. ഒരു നിശ്ചിതദിവസം അവർക്ക് സംസാരിക്കാം. എന്നാൽ രണ്ടേ രണ്ടു വാക്കുകൾമാത്രമേ സംസാരിക്കാൻ സാധിക്കുകയുള്ളു എന്നുള്ളതുകൊണ്ട് വളരെ സൂക്ഷിച്ചാണ് അവർ അത് ഉപയോഗിച്ചിരുന്നത്. ഒരിക്കൽ ഇങ്ങനെ സംസാരിക്കാൻ അവസരം കിട്ടിയപ്പോൾ ഒരു സന്യാസി ഇങ്ങനെ പറഞ്ഞു: “ഭക്ഷണം മോശം, സുപ്പീരിയർ മോശം”!

എല്ലാറ്റിലും ദോഷവശം മാത്രം കാണുന്ന ഒരു സമൂഹം വർദ്ധിച്ചുവരുന്നു. ഈശോനാഥൻ രോഗശാന്തി നല്കി രോഗികളെ സുഖപ്പെടുത്തിയപ്പോൾ, രോഗി സൗഖ്യപ്പെട്ടതിൽ സന്തോഷിക്കുന്നതിനു പകരം ഈശോ സാബത്ത് ലംഘിച്ചു എന്ന കുറ്റം മറ്റുള്ളവർ അവനിൽ ആരോപിക്കുകയാണ് ചെയ്തത്. “ഈശോയിൽ കുറ്റമാരോപിക്കണമെന്ന ഉദ്ദേശ്യത്തോടെ അവർ അവനോട് ചോദിച്ചു: “സാബത്തിൽ രോഗശാന്തി നല്കുന്നത് അനുവദനീയമാണോ?” ചോദ്യം ചോദിക്കുന്നവന്റെ ഉദ്ദേശ്യം തന്നെ കുറ്റമാരോപിക്കുക എന്നതാണ്.

കത്തീഡ്രൽ പള്ളിയിലെ തിരുനാളിന് കത്തികൊണ്ടിരിക്കുന്ന പത്ത് ലക്ഷം ബൾബുകളിൽ അഞ്ചെണ്ണം കത്തിയിട്ടില്ലെന്ന് പരാതിപ്പെടുന്നവരുണ്ട്. ബസ്സ്റ്റാന്റിൽ നിർത്തിയിട്ടിരിക്കുന്ന ബസിന്റെ പുറത്തുനിന്ന് ഭിക്ഷ യാചിക്കുന്നവനോട്, ‘തനിക്കെന്തെങ്കിലും തരണമെന്നുണ്ട്. എന്നാൽ നിയമം അനുവദിക്കുന്നില്ല’ എന്ന് ഒരാൾ പറഞ്ഞപ്പോൾ, പാവം ഭിക്ഷക്കാരൻ ഇങ്ങനെ ചോദിച്ചത്രേ: “എന്റെ പൊന്നു സാറേ, എനിക്ക് ഭിക്ഷ തരാൻ ഏതു നിയമമാണ് തടസ്സം?” ബസിനുള്ളിൽനിന്നും ഉത്തരം വന്നു. “ബസിൽ എഴുതി വച്ചിരിക്കുന്നത് കണ്ടില്ലേ? ‘കൈയും തലയും പുറത്തിടരുത്’. തനിക്കു ഭിക്ഷ തരണമെങ്കിൽ എന്റെ കൈ പുറത്തിടണ്ടേ....” നന്മ ചെയ്യുന്നതിൽനിന്നും എങ്ങനെയൊക്കെ മാറിപോകാമെന്ന് പലരും പലപ്പോഴും ചിന്തിക്കുന്നു. എന്നാൽ ലോകത്തിൽ നന്മയുടെ വെട്ടം അണഞ്ഞു പോയിട്ടില്ലെന്ന ആശ്വാസം നൽകുന്ന സംഭവങ്ങളുമുണ്ട്.

ഓട്ടോറിക്ഷയിൽ മറന്നുവച്ച സ്വർണ്ണവും പണവും ഉടമസ്ഥനെ കണ്ടെത്തി തിരികെയേല്പ്പിക്കുന്ന ഓട്ടോ ഡ്രൈവറും, മുറിവേറ്റു വഴിയിൽ കിടന്നവന് തുണയായി മാറിയ കോളേജ് പെൺകുട്ടിയും, ആത്മഹത്യയിൽനിന്നും ഒരാളെ പിന്തിരിപ്പിച്ച് ജീവിതത്തിലേക്ക് മടക്കികൊണ്ടുവരുന്ന യുവാവും നന്മ ഈ ലോകത്ത് വറ്റിയിട്ടില്ലെന്ന് നമ്മോട് വിളിച്ചുപറയുന്നു. നമുക്ക് സൂര്യനെപ്പോലെ കത്തിജ്വലിക്കുവാൻ സാധിക്കില്ലെങ്കിലും മിന്നാമിനുങ്ങിനെപ്പോലെ പ്രകാശം പരത്താനെങ്കിലും ശ്രമിച്ചുകൂടെ.



# പരീക്ഷിക്കാൻ തിന്മയുടെ ശക്തി

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

ദൈവപുത്രനെപ്പോലും പരീക്ഷിക്കാൻ തിന്മയുടെ ശക്തി പ്രാർത്ഥനാവേളയിൽ അവിടുത്തെ പക്കലെത്തിയത് നാം സുവിശേഷത്തിൽ വായിക്കുന്നു. ലോകദൃഷ്ടിയിൽ ആകർഷകമായവ ചെയ്യുവാനുള്ള പ്രലോഭനമായിരുന്നുവല്ലോ അവിടെയുണ്ടായത്. “നിങ്ങളുടെ ശത്രുവായ പിശാച് ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റി നടക്കുന്നു” (1 പത്രോസ് 5,8). ‘വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ’



എന്ന പത്രോസിന്റെ ഉപദേശം (5,9) മറക്കരുത്. പിശാച് ആകർഷകമായ വിധത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കുമാറ് അടയാളങ്ങളുമായി വരും.

ഈശോയുടെ സഹനവേളകളിലും ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളിലുമാണ് പരീക്ഷകൻ എത്തിയത്. പിതാവിനോടൊത്തുള്ള പ്രാർത്ഥനയുടെ, മരുഭൂമിയനുഭവത്തിന്റെ, അവസാനം പരസ്യജീവിതത്തിന്റെ ആരംഭംകുറിക്കുന്ന ഉത്തമമുഹൂർത്തത്തിൽ പ്രലോഭകൻ എത്തി. താബോറിലെ തീവ്രമായ അനുഭവത്തിന്റെ അവസാനം മലയടിവാരത്തിലെത്തിയപ്പോൾ സഹനവഴി ഉപേക്ഷിക്കുവാനുള്ള നിർദ്ദേശവുമായി പത്രോസിന്റെ രൂപം സാത്താൻ അണിഞ്ഞു. അതേ സാത്താൻ, തിരുനാളിൽ ജനമധ്യത്തിൽ അത്ഭുതം പ്രവർത്തിച്ച് ക്ലേശരഹിതമായി ജനപ്രിയനാകാനും തന്റെ സന്ദേശം അനേകർക്ക് അത്യാകർഷകമാക്കുവാനുമുള്ള നിർദ്ദേശവു മായി സഹോദരന്മാരുടെ രൂപത്തിലെത്തി. രക്ഷയുടെ പൂർത്തീകരണവേദിയായ കുരിശിൽ, അതുപേക്ഷിച്ച് ഇറങ്ങിവന്ന് അത്ഭുതം കാട്ടാനുള്ള വെല്ലുവിളിയായി കുരിശിൻ ചുവട്ടിലൂടെ കടന്നുപോയവരിലൂടെ (മർക്കോ 15,29-10) പരീക്ഷണം തുടർന്നു.

ഇവിടെയെല്ലാം പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമെന്തെന്നാൽ രക്ഷാകരപദ്ധതിയുടെ ശ്രദ്ധേയമായ അവസരങ്ങളിലോ, ആകർഷകമായ ജീവിതസാഹചര്യങ്ങളിലോ, നല്ലതെന്ന് തോന്നാവുന്നവിധത്തിലോ മാത്രമാണ് പരീക്ഷണങ്ങൾ എത്തിയത്.

**ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ**

ഈശോ പഠിപ്പിച്ച പ്രാർത്ഥനയിലൂടെ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ (മത്താ 6,13, ലൂക്കാ 11,4), തിന്മയിൽനിന്നും (Evil one (NRSV)) ഞങ്ങളെ രക്ഷിക്കണമേ (മത്താ 6,13) എന്ന് നാം അപേക്ഷിക്കുന്നു. ഒരു ഉത്തമവിശ്വാസി ദിവസവും പലപ്രാവശ്യം ഈ പ്രാർത്ഥന നടത്തുന്നു. സീറോമലബാർ കുർബാനയിലെ ഈ പ്രാർത്ഥനയിൽ മൂന്നു തവണ, ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ എന്നും ഇതോടുചേർന്ന്, ദുഷ്ടാരൂപിയിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ എന്നും പ്രാർത്ഥിക്കുന്നു. ഈശോ പഠിപ്പിച്ചതും തിന്മയിൽനിന്നും പാപത്തിൽനിന്നും മനുഷ്യകുലത്തെ രക്ഷിക്കുന്ന അവിടുത്തെ നിത്യബലിയായ പരിശുദ്ധ കുർബാനയിൽ ആവർത്തിച്ചു ചൊല്ലുന്നതുമായ ഈ പ്രാർത്ഥന വിശ്വസിക്കുന്ന ഏവർക്കും സൗഖ്യദായകവും എല്ലാവിധ പൈശാചിക ബന്ധനങ്ങളിൽ നിന്നും മോചനം നൽകുന്നതുമാണെന്നതിൽ സംശയമില്ല. സുവിശേഷകൻ പറയുന്നു: "വിശ്വസിക്കുന്നവരോടുകൂടെ ഈ അടയാളങ്ങൾ ഉണ്ടായിരിക്കും: അവർ എൻെറ നാമത്തിൽ പിശാചുക്കളെ ബഹിഷ്കരിക്കും. പുതിയ ഭാഷകൾ സംസാരിക്കും. അവർ സർപ്പങ്ങളെ കൈയിലെടുക്കും. മാരകമായ എന്തു കുടിച്ചാലും അത് അവരെ ഉപദ്രവിക്കുകയില്ല. അവർ രോഗികളുടെമേൽ കൈകൾ വയ്ക്കും; അവർ സുഖം പ്രാപിക്കുകയും ചെയ്യും" (മർക്കോ 16,17-18) പിന്നെന്തിനു നാം ഭയപ്പെടണം? വിശ്വാസവും മാമ്മോദീസയുംവഴി, ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ഈശോമിശിഹായിൽ ദത്തുപുത്രനും പരിശുദ്ധാത്മാവിന്റെ ആലയവും ദൈവം വസിക്കുന്ന വ്യക്തിയുമാണ് നീ (1 കോറി 3,16; 6,19; 2 കോറി 6,16). "നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരു ത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി 12,27). അവിടുത്തെ ശരീരവും രക്തവും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ മരിച്ചാലും ജീവിക്കുമെന്ന അവിടുത്തെ തിരുവചനം (യോഹ 6,50-51) നിനക്ക്



## പ്രതീക്ഷയുടെ പൂമൊട്ടുകൾ

വിശ്വാസയോഗ്യമാണോ? എങ്കിൽ തിന്മയെ ഭയന്ന് അവനെ ദൂരീകരിക്കാൻ നീ എന്തിന് അലയുന്നു? തിന്മയെയും തിന്മയുടെ ചെയ്തികളെയും വിട്ടുപേക്ഷിച്ച് പാപമോചനത്തിന്റെ അനുരഞ്ജനകൂദാശക്കണഞ്ഞ് മിശിഹായുടെ തിരുശരീരരക്തങ്ങളെ പരിശുദ്ധ കുർബാനയിൽ സ്വീകരിച്ചു വളരുക. വിശുദ്ധീകരിക്കുന്ന അവിടുത്തെ വചനം നിനക്ക് പാതയിൽ പ്രകാശവും പാദങ്ങൾക്ക് വിളക്കുമായിരിക്കട്ടെ (സങ്കീ 119,105). അവിടുന്ന് ലോകാവസാനംവരെ എന്നാളും നിന്നോടുകൂടെയുണ്ടായിരിക്കും (മത്താ 28,20). നിന്നെ ശക്തിപ്പെടുത്തുന്ന അവിടുന്നിൽ നിനക്കെല്ലാം സാധ്യമാണ് (ഫിലിപ്പി 4,3).

**വിശുദ്ധഗ്രന്ഥം സദ്‌വാർത്ത**

തിരുവചനം തിന്മയെക്കുറിച്ചല്ല, ദൈവത്തിന്റെ രക്ഷയും അവിടുത്തെ സുവിശേഷവുമാണ് പ്രഘോഷിക്കുന്നത്. സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്‌വാർത്തയാണ് വിശുദ്ധഗ്രന്ഥം. സുവിശേഷത്തിന്റെ സന്തോഷമാണ് നാമനുഭവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നത്. ''ഭയപ്പെടേണ്ട, ഞാൻ നിങ്ങളോടുകൂടെയുണ്ട്'' എന്നാണവിടുന്ന് ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നത്. പാപമോചനം പ്രാപിച്ചവളിൽനിന്ന് ഏഴു പിശാചുക്കൾ പുറത്താക്കപ്പെട്ടു എങ്കിൽ കരുണയുള്ള കർത്താവ് ഇന്നും പാപമോചനത്തിന്റെ ദിവ്യരഹസ്യം വഴി കരുണയുടെയും വീണ്ടെടുപ്പിന്റെയും കൂദാശയിൽ -അനുരഞ്ജനവേദിയിൽ- നൽകുന്നതിലും വലിയ വിടുതലും, അനുരഞ്ജനകൂദാശയേക്കാൾ വലിയ വിടുതൽ ശുശ്രൂഷയും ഇല്ല.

ചുരുക്കത്തിൽ, ഇന്നു പ്രചരിക്കുന്ന തിന്മയുടെ സ്വാധീനത്തെക്കുറിച്ചുള്ള ആകാംക്ഷയും അതിൽനിന്നു മോചനം പ്രാപിക്കാനുള്ള വ്യഗ്രതയുമെല്ലാം വിശ്വാസവളർച്ചയെന്നതിനേക്കാൾ സത്യദൈവത്തിലും അവിടുത്തെ സജീവസാന്നിധ്യത്തിലുമുള്ള അവിശ്വാസമോ തിന്മയിലുള്ള അന്ധവിശ്വാസമോ വർദ്ധിക്കുന്നതിന്റെ ഫലമാണ്. ആകയാൽ ഈശോമിശിഹായിൽ വിശ്വസിക്കുകയും അവിടുത്തെ മൗതികശരീരമായ തിരുസഭയിൽ ജീവിക്കുകയും സഭയുടെ കൂദാശാരഹസ്യങ്ങളിൽ പങ്കാളിയാവുകയും ചെയ്ത് ആത്മീയ കൃപയിലും ശക്തിയിലും നീ ആയിരിക്കുന്ന ജീവിതസാഹചര്യത്തിൽ പൂർണ്ണമനുഷ്യനായിരിക്കുക; നീയും നിന്റെ കുടുബവും കർത്താവിന്റെ സ്വന്തമായിരിക്കും. അവിടുന്ന് നിന്നെ നിത്യവസതിയിൽ സ്വീകരിച്ച് തന്നോടൊപ്പമിരുത്തും.

## Spirituality Centre Programme

**February**

| | |
|---|---|
| 4 | Social Animators |
| 10-11 | Chry Youth Election Camp |
| 13 | Bible Study Forum |
| 13-14 | Cenacle Gathering (Sodales&Aspirants) |
| 17 | School of Bible |
| 24 | Recollection for Oblates |

**March**

| | |
|---|---|
| 4 | Social Animators |
| 10 | School of Bible |
| 13 | Bible Study Forum |
| 13-14 | Cenacle Gathering (Sodales&Aspirants) |
| 28-31 | Holy Week Retreat |





# വയലറ്റുപൂക്കൾ വീണ്ടും വിരിയട്ടെ

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

അപ്പൻ ഉപേക്ഷിച്ചു പോയി...
അമ്മ മറ്റൊരുവന്റെ കൂടെ...
അപർണ്ണ അനാഥയായി...
അനാഥമന്ദിരത്തിലാ താമസം...

ക്രിസ്മസ്സിന് സന്മനസുള്ള ധനിക കുടുംബം സമ്മാനമായി നൽകിയ പുതുപുത്തൻ വസ്ത്രങ്ങളും സമ്മാനങ്ങളും അവൾ വേണ്ടെന്നു വച്ചു...

"എനിക്കാ രൂപ തന്നാ മതി... പൂന്തുറയില് കൊടുക്കാനാ..."

പത്തു വയസുള്ള അനാഥ ബാലിക തിരിച്ചറിഞ്ഞു, ഓഖി ചുഴലിക്കാറ്റ് ചുഴറ്റിയെറിഞ്ഞ അനാഥരുടെ ജീവിതങ്ങളെ...

ആരോടും പറയാതെ, ആരോരും അറിയാതെ, ആരോരുമില്ലാത്തവർക്കു വേണ്ടി പത്തു വയസുകാരി ചെയ്ത ത്യാഗപ്രവർത്തികൾ അധ്യാപിക പങ്കുവച്ചപ്പോൾ ഓർമ്മയിലെത്തിയത് ഫിനയാണ്.

ഇറ്റലിയിലെ ഗിവിഗ്നാനോയിൽ ദരിദ്ര കുടുംബത്തിലാ ഫിന ജനിച്ചത്.



പ്രതീക്ഷയുടെ
## പൂമൊട്ടുകൾ

ഭിക്ഷാടനം നടത്തി ജീവിച്ച കുടുംബം...

അടുത്ത വീടുകളിൽ ജോലിചെയ്തും, തുണി തയ്ച്ചും നിത്യവൃത്തി കഴിച്ചു കൂട്ടിയ വൾ...

എന്തെങ്കിലും പണിയെടുത്ത് ഭക്ഷണമോ പണമോ കൈയിൽ വന്നാൽ അവൾ അത് ഉടനെ പങ്കുവയ്ക്കും. വിശപ്പിന്റെ വേദനയറി ഞ്ഞവൾ മറ്റുള്ളവരുടെ വേദനയകറ്റുന്നു..

തന്നെക്കാൾ ദാരിദ്ര്യം അനുഭവിക്കുന്നവർ തനിക്കു ചുറ്റുമുണ്ടെന്ന തിരിച്ചറിവാണ് ഫിനയെ ഈ കാരുണ്യജീവിതത്തിന് പ്രേരി പ്പിച്ചത്.

തനിക്കുള്ളതെല്ലാം മറ്റുള്ളവർക്കായി നൽകിയ ഫിന നാട്ടുകാരുടെ കണ്ണിലുണ്ണിയാ യി. രോഗിണിയായി, അവശയായി ഒരു പലക പ്പുറത്ത് കിടന്നപ്പോഴും അവൾ തനിക്കു ചുറ്റും



പരസ്നേഹത്തിന്റെ നറുമണം പരത്തി. അവൾ മരിച്ചപ്പോൾ ആ പലകയിൽ നിന്നും വയലറ്റു ചെടികൾ വളർന്നു പുഷ്പിച്ച് നറുമണം പര ത്തി.

ഫിനയോട് മാധ്യസ്ഥ്യം യാചിച്ചവരുടെ പൂവണിഞ്ഞു. ഇന്ന് ഗിവിഗ്നാനോയിലെ കയ്യാ ലകളിലും മതിലുകളിലും വിരിഞ്ഞു പരിമളം പരത്തുന്ന സെന്റ് ഫിനാ വയലറ്റുപൂക്കൾ ലോകത്തോടു വിളിച്ചു പറയുന്നത് സെന്റ് ഫിന യുടെ കാരുണ്യമാണ്, ജീവിതമാണ്. ദാരിദ്ര്യ ത്തിന്റെ പരാതിയും പരിഭവങ്ങളും മാറ്റിവച്ച് ഈശോയുടെ കരുണാദ്രസ്നേഹം പകർന്നേ കിയവൾ...

ആരോരുമില്ലാത്തവർക്ക് അത്താണി യായവൾ...

സന്തോഷത്തോടെ സംതൃപ്തിയോടെ ജീവിച്ചവൾ...

പരമ ദരിദ്ര ആയിരുന്നെങ്കിലും പരമാവധി സ്നേഹം പകർന്നേകിയവൾ...

അങ്ങനെ വിശുദ്ധയായവൾ വയ ലറ്റുപൂക്കൾ ഈ ഭൂമിയിൽ വിരിയിച്ചു...

വയലറ്റു പൂക്കൾ ഇനിയും വിരിയേണ്ടത് എന്റെയും നിന്റെയും ജീവിതത്തിലൂടെയല്ലേ? സെന്റ് ഫിനായും അപർണ്ണയും പകർത്തിയ കർത്താവിന്റെ കരുണാർദ്രസ്നേഹം ഈ നോമ്പുകാലത്ത് എന്റെയും നിന്റെയും ജീവി തത്തിലൂടെ പകരേണ്ടേ?

“തപസിൻ നാളുകളിൽ
നാഥൻ പാപികളെ
മാടിവിളിക്കുന്നു.
ദുഖിതരിൽ നാം സ്നേഹത്തിൻ
ശീതള ശീകരമനവരതം
വർഷിച്ചെന്നാലുപവാസം
നമ്മിൽ നിത്യം ഫലമണിയും
കർത്താവിൻ കൃപ നാം കണ്ടെത്തും”.
(നോമ്പുകാലം, ഞായർ-റംശ)



# ഞാനുണ്ട് നിന്റെ കൂടെ....

**സാബി കോഴിക്കോട്**

'മുങ്ങിക്കൊണ്ടിരിക്കുന്ന ഒരു കപ്പലാണ് എന്റെ കുടുംബം. ഒന്നുകിൽ ബാധ്യതകൾ മറന്ന് എന്റേതായ സുരക്ഷാതീരങ്ങളിലേക്ക് രക്ഷപ്പെടാം. അല്ലെങ്കിൽ മുങ്ങിത്താഴുവോളം ഈ ദുരിതക്കടൽ ഒരുമിച്ചു പങ്കിട്ടു മുന്നേറാം. എന്തുചെയ്യണമെന്ന് ഒരു എത്തുംപിടിയും കിട്ടുന്നില്ല'. സാമ്പത്തിക പ്രതിസന്ധികളിലേക്ക് കൂപ്പുകുത്തുന്ന ഒരു കുടുംബത്തിലെ മൂത്ത മകന്റേതാണ് ഈ നെടുവീർപ്പുകൾ.

അനുദിനജീവിതത്തിൽ നാം എത്രയോ തവണ ഇപ്രകാരമുള്ള ചില തിരഞ്ഞെടുപ്പുകളിലൂടെ കടന്നുപോയി. അപകടങ്ങളിൽ കൂടെനിൽക്കുന്നതിനെക്കാൾ ഓടി അകലാനാണ് നമുക്കൊക്കെ താൽപര്യം. കൂടെ നിന്നാൽ 'പെട്ടുപോകും' എന്ന ചിന്ത എത്രപേരെ മരണത്തിലേക്കും ദുരിതങ്ങളിലേക്കും നയിച്ചു!

കടക്കെണികൾ, ഭൗതികമായ ജീവിതാവശ്യങ്ങളുടെ ദൗർലഭ്യങ്ങൾ, വ്യക്തിപരമായ ചില തഴക്കദോഷങ്ങൾ, എത്ര ശ്രമിച്ചിട്ടും മാറ്റാൻ പറ്റാത്ത ചില സ്വഭാവരീതികൾ, അലസത, ആഗ്രഹങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ചില പ്രതിജ്ഞകൾ, ആത്മീയ വരൾച്ച, തീരാവ്യാധികൾ, വേണ്ടപ്പെട്ടവരുടെ അകാലമൃത്യു, സന്താനസൗഭാഗ്യം ഇല്ലാത്തത്, പഠനവൈകല്യങ്ങൾ... ഇങ്ങനെ ചിന്തിച്ചു നോക്കിയാൽ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ സങ്കടക്കടൽ തുഴയാത്തവരായി ആരും ഉണ്ടാകില്ല.

ഈശോ തന്റെ പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ചു പ്രാർത്ഥിച്ചത് സങ്കടക്കടലിൽ ആഴുന്നവരെ ആശ്വാസതീരത്തണയ്ക്കുവാനാണ്. മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിൽ ശിഷ്യന്മാരും ചെയ്തത് അതുതന്നെയല്ലേ. ഈശോയെ അവർ ഹൃദയംപൊട്ടുമാറ് വിളിച്ചുണർത്തി.

നമുക്ക് മുങ്ങിത്താഴുന്നവരോട് ചേർന്നുനിൽക്കാം. വിട്ടകന്നുപോന്നതിനേക്കാൾ സുഖമില്ലേ അവരെ രക്ഷപ്പെടുത്തുമ്പോൾ... ഈ ദുരിതക്കടൽ തുഴയാൻ ഞാനും നിന്റെ കൂടെയുണ്ടെന്ന് പറഞ്ഞ് അരികെ എത്തുമ്പോൾ അവന്റെ മുഖത്തുവിരിയുന്ന കണ്ണീരിൽ കുതിർന്ന ആ പുഞ്ചിരിയുടെ വില ഈ ഭൂമിയിൽ മറ്റെന്തിനോട് തുലനം ചെയ്യാനാവും. ഈ നോമ്പിൽ നമ്മെ കൊണ്ട് ഒരാൾക്കെങ്കിലും ഉപകാരം ഉണ്ടാകട്ടെ.

വിശുദ്ധിയുടെ മുത്തുകൾക്ക്

# കാവലാൾ 5

ജാൻസിടീച്ചർ
കറുകപ്പറമ്പിൽ

അന്ന് തിരുഹൃദയപെരുനാളായിരുന്നു. ആഘോഷമായ റാസക്കുർബ്ബാന ആയിരുന്നു അന്ന് മഠം ചാപ്പലിൽ. മഠത്തിന്റെ പ്രൊവിൻഷ്യാളമ്മയും അന്ന വിടെ വന്നിരുന്നു. വിശുദ്ധ കുർബ്ബാന കഴിഞ്ഞ് പ്രഭാത ഭക്ഷണം കഴിച്ചു കൊണ്ടിരുന്നപ്പോൾ വിശുദ്ധ കുർബ്ബാന അർപ്പിച്ച വർഗീസച്ചൻ ചോദിച്ചു: “ഇന്ന് പാട്ടു പാടിയ കുട്ടി ഏതാണ്? നല്ല ചൈതന്യമുള്ള പാട്ടായിരുന്നു. അവൾ ലയിച്ചു പാടിയപ്പോൾ എനിക്കു കരച്ചിൽവന്നു”. പ്രൊവിൻഷ്യാളമ്മയും ആ അഭിപ്രായത്തെ പിന്താങ്ങി. ആ കുട്ടിയെ ഒന്നു കാണണമെന്ന് അവർ ആവശ്യപ്പെട്ടു.

സ്റ്റീനാ ചെടിക്കു വെള്ളം നനയ്ക്കുമ്പോൾ മേഴ്സി അവളെ വിളിച്ചു: “സ്റ്റീനാ, നിന്നെ മദർ അന്വേഷിക്കുന്നുണ്ട്. ചെല്ല്...”

“എന്തിനാ...”

“ആ.... പാട്ടിന്റെ കാര്യം വല്ലോം പറയാനായിരിക്കും”.

അവൾ കൈതുടച്ച് വേഗം ഊട്ടുമുറിയിലേക്കു ചെന്നു.

“സ്റ്റീനാ അല്ലേ?”

“അതെ”.

“മോളേ, പാട്ടു വളരെ നന്നായിരുന്നു. വിശുദ്ധ കുർബ്ബാന നൽകിയ സമയത്ത് പാടിയ പാട്ട് എന്നെ കരയിപ്പിച്ചു”. അച്ചൻ ളോവയുടെ പോക്കറ്റിൽ നിന്നും ഒരു ജപമാല എടുത്ത് അവൾക്കു നൽകി.

“ഇത് വെഞ്ചെരിച്ച ജപമാലയാണ്. ഇതുവച്ചു പ്രാർത്ഥിക്കണം. അച്ച നുവേണ്ടിയും പ്രാർത്ഥിക്കണം.” ‘

‘ഉവ്വ്. അച്ചൻ എൻെറ തലയിൽ കൈവച്ചൊന്നു പ്രാർത്ഥിക്കാമോ?”

ആഹാരം കഴിച്ചുകഴിഞ്ഞ് അച്ചൻ അവളുടെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. ദർശനവരമുള്ള ആ വൈദികൻ ദൈവകൃപ നിറഞ്ഞ ആ പെൺകുട്ടിക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ആ മുറിയാകെ സുഗന്ധാനുഭവമു ണ്ടായി. പ്രാർത്ഥന കഴിഞ്ഞപ്പോൾ പ്രൊവിൻഷ്യാളമ്മ അവളെ കെട്ടിപ്പിടിച്ചു ചുംബിച്ചു. അവൾ പോയികഴിഞ്ഞപ്പോൾ അച്ചൻ പറഞ്ഞു: “പരിശുദ്ധാത്മാ വിന്റെ ഏതോ പ്രത്യേക വരങ്ങൾ അവൾക്കുണ്ട്. ദൈവം അവളെ എടുത്തു പയോഗിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം”.

അന്നു രാത്രിയിൽ എല്ലാവരും ഉറങ്ങി കഴിഞ്ഞപ്പോൾ തന്റെ കട്ടിലിനരി കിൽ സ്റ്റീനാ മുട്ടുകുത്തി. “ഉണ്ണീശോ, ഞാൻ ഉണ്ണീശോയുടെ സ്റ്റീനായാ... ഒന്നു കൂടെ വരാമോ...” അതും പറഞ്ഞ് അവൾ സ്തുതിക്കുവാൻ ആരംഭി ച്ചു. വീണ്ടും അവൾ കണ്ടു... “പുഞ്ചിരിക്കുന്ന ഉണ്ണീശോയെ”

അവളെപ്പോഴോ ഉറങ്ങി. പക്ഷേ അതു നിലത്തു കിടന്നായിരുന്നു. രാവിലെ മറ്റു കുട്ടികൾ കളിയാക്കി. "സ്റ്റീനാ കട്ടിലിൽ നിന്നും താഴെ വീണു കിടന്നുറങ്ങി". പക്ഷെ ഗൊരേത്തി അമ്മയ്ക്ക് എന്തോ മനസിലായി.

പല ദിവസങ്ങളിൽ അവൾക്ക് സ്വർഗ്ഗീയ ദർശനം ലഭിച്ചു. പക്ഷേ അവ ളാരോടും പറഞ്ഞില്ല. അന്ന് സ്വതന്ത്ര്യദിനത്തോടനുബന്ധിച്ച് അവരുടെ സ്കൂളിൽ വച്ചു നടന്ന ക്വിസ് മത്സരത്തിൽ പങ്കെടുക്കുവാൻ വിവിധ സ്കൂളു കളിൽനിന്നും കുട്ടികളെത്തി. അതിലൊരാൾ തോമസായിരുന്നു. സ്റ്റീനാ ഉച്ച ഭക്ഷണം കഴിച്ച് പുറത്തേക്കു വന്നപ്പോൾ തോമസും കൂട്ടുകാരും ഇരുന്നു പഠിക്കുന്നതു കണ്ടു. "തോമസ് എന്നെ ഓർക്കുന്നുണ്ടോ?"

"നീ ഇവിടെയാണോ? സ്കൂളൊക്കെ ഇഷ്ടമായോ?"

"ഉം... നല്ല സ്കൂളാ... പഠിത്തം നന്നായിട്ട് നടക്കുന്നുണ്ടോ? നമ്മുടെ കൂടെ പഠിച്ച വേറെ ആരൊക്കെയുണ്ട് നിങ്ങളുടെ സ്കൂളിൽ?"

"അരുണും വിപിനും".

അവരു സംസാരിച്ചുകൊണ്ടു നിൽക്കുന്നത് നിമ്മി കണ്ടു. അവൾ കൂട്ടു കാരികളെയൊക്കെ വിളിച്ചു കാണിച്ചു: "കണ്ടോടീ, മിണ്ടാപ്പൂച്ച കലമുട ക്കുന്നത്..."

വത്സമ്മടീച്ചർ സ്റ്റീനായെ വിളിപ്പിച്ചു. "എന്താ കൊച്ചേ, നീ ഇവിടെ വന്ന ആരാണ്ടോ ആൺപിള്ളാരോട് കുറേ നേരം സംസാരിച്ചത് ശരി യാണോ?"

"ടീച്ചറെ ആ കൊച്ച് എന്റെ ക്ലാസിൽ പഠിച്ചിരുന്നതാ".

"വെറുതെ ആവശ്യമില്ലാത്തതൊന്നും പറയിപ്പിക്കണ്ട.. ചെല്ല്".

അവൾക്ക് സങ്കടം തോന്നി. നിമ്മിയോട് അവൾക്ക് ദേഷ്യമൊന്നും തോന്നിയില്ല. എന്നെ എന്റെ ഉണ്ണീശോയ്ക്ക് അറിയാമല്ലോ എന്ന് അവൾ മനസിൽ പറഞ്ഞു. പക്ഷെ സിസ്റ്റർ മാഗി അവളെ മുറിയിലേക്കു വിളിച്ചു.

"സിസ്റ്ററെ എന്റെ കൂടെ പഠിച്ച തോമസ് എന്ന് പറയുന്ന ഒരു പയ്യൻ ഇന്നിവിടെ മത്സരത്തിനു വന്നിരുന്നു. ആ കൊച്ചിനോട് ഞാൻ മിണ്ടിയതിന് ടീച്ചറെന്നോട് ചോദിച്ചതാ".

"അതെ, അതുതന്നെയാ ഞാൻ ഉദ്ദേശിച്ചത്. നിനക്കൊരു വിചാരമുണ്ട്. നീ വല്യ പാട്ടുകാരിയോ മറ്റോ ആണെന്ന്. അതൊക്കെ കൈയ്യിൽ വച്ചേര്. നിന്റെ വിളച്ചിലൊന്നും എന്റെ അടുത്ത് ചിലവാകില്ല. പൊയ്ക്കോ".

"സോറി സിസ്റ്റർ". അതു പറഞ്ഞ് അവൾ ചാപ്പലിലേക്കു പോയി. അവിടെ കുറെനേരം ഇരുന്ന് കരഞ്ഞു കഴിഞ്ഞപ്പോൾ അവൾക്കാശ്വാസ മായി.



# കാൽവരിയിലേക്കുള്ള ദൂരം

ഷിനി തെരേസ് മുതുപ്ലാക്കൽ

കാൽവരിയിലേക്ക് ഇനിയെത്ര ദൂരം... എന്റെ കാൽവരിയിലേക്ക്... ചുമച്ചു തുപ്പിയും കിതച്ചും വിറയലോടെ വഴിയരികിലെ മരച്ചുവട്ടിലിരുന്നുകൊണ്ട് അയാൾ ചിന്തിച്ചു. ജീവിതകുരിശും വഹിച്ചുകൊണ്ടുള്ള ഈ യാത്ര മടുത്തുകഴിഞ്ഞു. ഇനി എത്രനാൾ... എത്രനാൾ ഞാനിങ്ങനെ അലയണം... കണ്ണുനീർ കാഴ്ചകളെ അവ്യക്തമാക്കാൻ തുടങ്ങിയപ്പോൾ കണ്ണുകളടച്ച് അയാൾ മരത്തിൽ ചാരിയിരുന്നു, കുറേയധികം നേരം...

തോളിൽ ആരുടേയോ കൈകൾ സ്പർശിച്ചപ്പോളാണ് അയാൾ പരിസരബോധം വീണ്ടെടുത്തത്. "ഞാൻ ജോസഫ്"... ആഗതൻ പരിചയപ്പെടുത്തി. "ആരാണെന്നു മനസ്സിലായില്ല... കണ്ടു പരിചയമില്ലാത്തതുകൊണ്ട് നോക്കിയതാ. ഒത്തിരി ക്ഷീണമുണ്ടെന്നു തോന്നുന്നല്ലോ? എന്തുപറ്റി? വീടെവിടെയാ? ഒറ്റയ്ക്കു യാത്ര ചെയ്യാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഞാനുംകൂടെ വീട്ടിലേക്കു വരാം". ചോദ്യങ്ങൾക്കൊന്നും മറുപടി പറയാതെ അയാൾ ജോസഫിന്റെ മുഖത്തേക്കു നോക്കി...

ജോസഫ് വീണ്ടും ചോദിച്ചു: "എന്താ പേര്?" ജോസഫിന്റെ മുഖത്തുനിന്ന് നോട്ടം അകലങ്ങളിലേക്കു മാറ്റി അയാൾ മെല്ലെ പറഞ്ഞു: "അധികപ്പറ്റ്". ഉത്തരം കേട്ടപ്പോൾ ജോസഫിന്റെ മുഖത്തുണ്ടായ ഭാവവ്യത്യാസം കണ്ട് അയാൾ വീണ്ടും പറഞ്ഞു: "എനിക്ക് മാനസികവിഭ്രാന്തിയൊന്നുമില്ല. എനിക്കുമുണ്ടായിരുന്നു നല്ലൊരു പേര്. എന്നാൽ ഇപ്പോൾ എന്റെ പേര് അധികപ്പറ്റ് എന്നാ". അയാളുടെ കണ്ണുകളിൽ ഉരുണ്ടുകൂടിയ നീർകണം മുഖത്തേക്കു ചാലുകീറിയൊഴുകി.

അയാൾ പറഞ്ഞുതുടങ്ങി... കഷ്ടപ്പാടുകൾ ഏറെ നിറഞ്ഞതെങ്കിലും സന്തോഷം നിറഞ്ഞ കുടുംബജീവിതത്തിന്റെ പൂർവ്വകഥ. അധികവരുമാനമൊന്നുമില്ലെങ്കിലും തുച്ഛമായ തുകകൾ കൂട്ടിവച്ച് ജീവിതം തുന്നിപ്പിടിപ്പിക്കാൻ ശ്രമിച്ച ആദ്യകാലങ്ങൾ... മൂന്ന് ആൺകുട്ടികൾ



ഉണ്ടായതിനുശേഷം ഒരു പെൺകുഞ്ഞുണ്ടായ സന്തോഷം അധികകാലം നീണ്ടുനില്ക്കുന്നതിനുമുമ്പ് ഭാര്യയുടെ അപ്രതീക്ഷിത അപകടമരണം ഏല്പിച്ച പ്രഹരം! പിന്നീട് സ്വന്തം സുഖസൗകര്യങ്ങൾക്ക് തെല്ലും സ്ഥാനം കൊടുക്കാതെ മക്കൾക്കുവേണ്ടി മാത്രം മാറ്റിവച്ച ജീവിതം. കുഞ്ഞുങ്ങളെ വളർത്തി വലുതാക്കുന്നതിന് അനുഭവിച്ച സാമ്പത്തിക പരാധീനതകളും മറ്റു ബുദ്ധിമുട്ടുകളും... എന്നാലിപ്പോൾ എല്ലാ മക്കൾക്കും ഉന്നതവിദ്യാഭ്യാസവും അവരുടെ ജോലികൾക്കു ചേർന്ന വിവാഹബന്ധങ്ങളുമായപ്പോൾ അപ്പൻ അന്തസ്സില്ലാത്തവനായി; അധികപ്പറ്റായി. മക്കളുടെയും മരുമക്കളുടെയും അവഹേളനാപാത്രമായെങ്കിലും ഹൃദയനൊമ്പരങ്ങളെല്ലാം ഉള്ളിലൊതുക്കി വീട്ടിൽത്തന്നെ കഴിഞ്ഞുകൂടി. ആരെങ്കിലുമറിഞ്ഞാൽ മക്കളെ കുറ്റപ്പെടുത്തില്ലേ... കൊച്ചുമക്കളെ തന്നിൽനിന്ന് അകറ്റിയ കാര്യം വിവരിച്ചപ്പോൾ അയാൾ ഹൃദയം നുറുങ്ങിക്കരഞ്ഞു. അനാരോഗ്യം വർദ്ധിച്ചുവരുന്ന തന്നെ വൃദ്ധമന്ദിരത്തിലാക്കാനുള്ള മക്കളുടെ ആലോചന ചെവിയിലെത്തിയപ്പോൾ ആരുമറിയാതെ വീടുവിട്ടിറങ്ങിയതാണ്... കിതപ്പോടെ അയാൾ പറഞ്ഞുനിർത്തി.

തിരിച്ചൊന്നും പറയാതെ നിർബന്ധപൂർവ്വംതന്നെ ജോസഫ് അയാളെ തന്റെ ഓട്ടോറിക്ഷയിൽ കയറ്റി. ഓട്ടോറിക്ഷ ചെന്നുനിന്ന കെട്ടിടത്തിന്റെ പേര് അയാൾ വായിച്ചു: “സ്നേഹസദൻ”. സംശയദൃഷ്ടിയോടെ നോക്കിയ അയാളോട് ജോസഫ് പറഞ്ഞു: “പേടിക്കണ്ട, ഇത് വൃദ്ധമന്ദിരമൊന്നുമല്ല. എന്റെ വീടാ. ഇവിടെനിക്ക് ഒത്തിരി അപ്പന്മാരും അമ്മമാരുമുണ്ട്. ഉപേക്ഷിക്കപ്പെട്ടു കിട്ടിയ പല പ്രായത്തിലുള്ള കുഞ്ഞുങ്ങളുണ്ട്. ഇവിടെ അധികപ്പറ്റുകളില്ല; വേണ്ടപ്പെട്ടവർമാത്രം... ഒരു വീട്ടിലെ അംഗങ്ങളെപ്പോലെ എല്ലാവരും സന്തോഷത്തോടെ ഇവിടെ കഴിയുന്നു. ഇവിടെ നില്ക്കാൻ താല്പര്യമാണെങ്കിൽ, എന്നെ ഒരു മകനെപ്പോലെ കരുതുണ്ടെങ്കിൽ...” പറഞ്ഞു നിർത്തുന്നതിനുമുമ്പുതന്നെ അയാൾ ജോസഫിന്റെ കൈകളെടുത്ത് തന്റെ നെഞ്ചോടുചേർത്തു.

“എല്ലാവരും ജീവിതത്തിലെ ഏതെങ്കിലും നിമിഷങ്ങളിൽ കാൽവരിയനുഭവങ്ങളിലൂടെ കടന്നുപോകുന്നവരാണ്”. എവിടെനിന്നോ കേട്ട ഈ വാക്കുകൾകേട്ട് അയാൾ ശ്രദ്ധിച്ചു... തന്നെക്കുറിച്ച് ആരോ പറയുന്നതുപോലെ... അതു കണ്ട് ജോസഫ് പറഞ്ഞു: “എല്ലാ ദിവസവും വികാരിയച്ചൻ ഇവിടെവന്ന് ഇവിടെയുള്ള മക്കൾക്ക് എന്തെങ്കിലും സന്ദേശം നല്കാറുണ്ട്. അതാണു കേൾക്കുന്നത്”. അച്ചന്റെ വാക്കുകൾ തുടർന്നു കേൾക്കാൻ അയാൾ ശ്രമിച്ചു... “കാൽവരിയനുഭവങ്ങൾ പലതാകാം... സാമ്പത്തിക പരാധീനതകൾ, രോഗങ്ങൾ, പ്രിയപ്പെട്ടവരുടെ വേർപാട്, അനാഥത്വം, ജോലിയില്ലാത്ത അവസ്ഥ, കുടുംബത്തിലോ സമൂഹത്തിലോ ജോലിസ്ഥലത്തോ ഉള്ള ഒറ്റപ്പെടൽ, പലതരത്തിലുള്ള കഷ്ടതകൾ, പരിഹാസങ്ങൾ, അപമാനങ്ങൾ, ചെയ്യാത്ത തെറ്റിന് മറ്റുള്ളവരുടെ മുമ്പിൽ വിധിക്കപ്പെടുന്ന അവസ്ഥ ഇങ്ങനെയിങ്ങനെ ധാരാളം സഹനങ്ങൾ ഓരോരുത്തർക്കും ഏറ്റെടുക്കേണ്ടിവരുന്നുണ്ട്. എന്തുകൊണ്ട് ഈ സഹനം എന്ന ചോദ്യത്തിനുത്തരം മിക്കവാറും ലഭിക്കാറില്ല. അതിനുത്തരം കണ്ടെത്താൻ ശ്രമിക്കുന്നത് പാഴ്വേലയുമാകും. നാം ചെയ്യേണ്ടതിതാണ് – തന്റെ സഹനാനുഭവങ്ങളിൽ ഈശോ എങ്ങനെയാണു പ്രതികരിച്ചതെന്നു നോക്കുക. അതോടൊപ്പം പ്രതീക്ഷയോടെ കാത്തിരിക്കുക; കർത്താവിൽ പ്രത്യാശയർപ്പിച്ച് വിശ്വാസത്തോടെ അവിടുന്നിൽ ആശ്രയിക്കുക. കാൽവരിയിലെ ഇരുളിനുശേഷം ഉത്ഥാനത്തിന്റെ പ്രഭാതമുണ്ടായിരുന്നു... കുരിശിനുശേഷം കിരീടവും”.



# എന്തിന് കുമ്പസാരിക്കണം?

**ദേവീ മേനോൻ (റോസ്മരിയ)**
**ബംഗളൂരു**

ഈശോയുടെ ഉപമകളിലെ വളരെ മനോഹരവും പ്രധാനപ്പെട്ടതുമായ ഒരു ഉപമയാണ് ലൂക്കാസുവിശേഷത്തിലെ 15-ാം അദ്ധ്യായത്തിലെ ധൂർത്തപുത്രന്റെ ഉപമ. ദൈവപിതാവിന്റെ മഹത്തരമായ സ്നേഹവും പാപത്താൽ മൃതനായിരുന്നവന്റെ നിത്യരക്ഷയിലേക്കുള്ള തിരിച്ചുവരവും അനുതാപത്തിന്റെ ആവശ്യകതയുമെല്ലാം ഈ ഉപമ വ്യക്തമാക്കുന്നുണ്ട്.

പന്നിക്കൂട്ടിൽ കിടന്ന പുത്രനെയല്ല; തന്റെ തെറ്റു തിരിച്ചറിച്ച്, അനുതപിച്ചു തിരിച്ചുവന്ന് അതേറ്റു പറഞ്ഞ പുത്രനെയാണ് പിതാവ് സ്വീകരിച്ചത് എന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്. ഈശോയ്ക്കായി നമ്മുടെ ആത്മാക്കളെ നമുക്ക് ഒരുക്കാം. ഈശോ നമ്മോട് “അനുതപിക്കുവിൻ” എന്ന് ആഹ്വാനം ചെയ്യുന്നുമുണ്ട്. ആത്മാക്കളെ ഒരുക്കാനുള്ള ഏറ്റവും നല്ല ഉപാധിയാണ് കുമ്പസാരം. എന്നാൽ കൂദാശകളിൽ ഏറ്റവും വിമർശിക്കപ്പെടുന്നതും കുമ്പസാരമാണ്. കുമ്പസാരമെന്ന കൂദാശയുടെ ആവശ്യകതയും പ്രാധാന്യവും മഹത്ത്വവും നാം മനസ്സിലാക്കണം.

കുമ്പസാരക്കൂടുകൾ ‘വിശുദ്ധിയുടെ ഉത്ഭവം - പിറവി’ നടക്കുന്ന സ്ഥലമാണ്. കുമ്പസാരമെന്ന കൂദാശയെ തിരുസ്സഭ മാനസാന്തരത്തിന്റെ, അനുതാപത്തിന്റെ, ഏറ്റുപറച്ചിലിന്റെ, ക്ഷമിക്കലിന്റെ, അനുരഞ്ജനത്തിന്റെ കൂദാശ (CCC 1423,1424) എന്നാണ് വിശേഷിപ്പിക്കുന്നത്. ദൈവത്തോടും പരസ്പരവും പ്രപഞ്ചത്തോടും തന്നോടുതന്നെയും രമ്യപ്പെടാൻ കുമ്പസാരം വഴിയൊരുക്കുന്നു.

‘‘ദൈവം പ്രകാശമാണ്” (1 യോഹ 1,5) എന്നു പറഞ്ഞ യോഹന്നാൻശ്ലീഹാ, ഈ ദൈവിക പ്രകാശം നമ്മിൽ തെളിയണമെങ്കിൽ എന്തു ചെയ്യണം എന്ന് തുടർന്നു പറയുന്നുണ്ട്. ‘‘അവിടുത്തോടു കൂട്ടായ്മയുണ്ടെന്നു പറയുകയും അതേസമയം അന്ധകാരത്തിൽ നടക്കുകയും ചെയ്താൽ നാം വ്യാജം പറയുന്നവരാകും; സത്യം പ്രവർത്തിക്കുന്നുമില്ല. അവിടുന്നു പ്രകാശത്തി

ലായിരിക്കുന്നതുപോലെ, നാമും പ്രകാശത്തിൽ സഞ്ചരിക്കുന്നുവെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും. അവിടുത്തെ പുത്രനായ ഈശോയുടെ രക്തം എല്ലാ പാപങ്ങളിലുംനിന്നു നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപമില്ലെന്നു പറഞ്ഞാൽ അത് ആത്മവഞ്ചനയാകും" (1 യോഹ 1,6-8). പാപങ്ങൾ ക്ഷമിക്കപ്പെടാനും അനീതികളിൽനിന്നു രക്ഷപെടാനും നാം ശുദ്ധീകരിക്കപ്പെടാനും പാപങ്ങൾ ഏറ്റുപറയണം. "നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ" എന്ന് യാക്കോബ്ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ടല്ലോ (5,16).

ഈശോയുടെ തിരുരക്തം നമ്മെ പാപവിമോചിതരാക്കി; ഇനി ഒരു പാപമോചനത്തിന്റെ ആവശ്യമില്ല എന്നു പറയുന്നത് ശരിയല്ല. ഉത്ഥാനശേഷം ശിഷ്യർക്കു പ്രത്യക്ഷപ്പെട്ട ഈശോ ഭൂമിയിൽ പാപങ്ങൾ മോചിക്കാനുള്ള അധികാരം അവർക്കു നല്കി: "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,23). കോറിന്തോസ്സുകാർക്കെഴുതിയ രണ്ടാം ലേഖനം 5,18 ലും ശിഷ്യന്മാർക്കു ലഭിച്ച ഈ അധികാരത്തെക്കുറിച്ചു സൂചനയുണ്ട്. "നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ 16,19) എന്ന് പത്രോസിനോടും ഈശോ പറയുന്നുണ്ടല്ലോ. മാമ്മോദീസായിലൂടെ നമ്മുടെ ജന്മപാപം നീക്കപ്പെടുന്നു. എന്നാൽ പിന്നീടുള്ള കർമ്മപാപങ്ങൾ കുമ്പസാരത്തിൽ ഏറ്റുപറയുകതന്നെവേണം. പലപ്പോഴും തെറ്റു ചെയ്യുമ്പോൾ നമ്മിൽ പലരും ആ സമയത്ത് അതു തിരിച്ചറിയാറില്ല. എന്നാൽ പിന്നീട് തെറ്റു തിരിച്ചറിയുമ്പോൾ മനസ്താപമുണ്ടാകണം.

ക്രിസ്ത്യാനികൾക്ക് പാപം ചെയ്താലും കുഴപ്പമില്ല; കുമ്പസാരിച്ചാൽ പോരേ എന്നു പറയുന്നവരുണ്ട്. എന്നാൽ പാപം ചെയ്യാനുള്ള ലൈസൻസല്ല കുമ്പസാരം. ഒരിക്കൽ അനുതപിച്ച്, കുമ്പസാരത്തിൽ ഏറ്റുപറഞ്ഞ്, പ്രായശ്ചിത്തം ചെയ്ത നല്ല ഒരു യഥാർത്ഥ വിശ്വാസിക്ക് വീണ്ടും വലിയ തെറ്റുകൾ ചെയ്യാനാവില്ല. കുമ്പസാരം കേൾക്കുന്ന വൈദികരെ പരിഹസിക്കുന്ന ഒരു പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. കൂദാശകൾ പരികർമ്മം ചെയ്യുന്ന വൈദികരിൽ ഈശോയുടെ സാന്നിദ്ധ്യം കാണണമെങ്കിൽ ശരിയായ വിശ്വാസമുണ്ടായിരിക്കണം. ഈശോയുടെ സ്ഥാനത്താണ് വൈദികൻ നില്ക്കുന്നത്. കുമ്പസാരിക്കുമ്പോൾ ഈശോയോടാണ് നാം പാപങ്ങൾ ഏറ്റുപറയുന്നത്. തെറ്റുകൾ കേൾക്കാനുള്ള ആഗ്രഹത്തോടെയല്ല വൈദികൻ കുമ്പസാരക്കൂട്ടിലിരിക്കുന്നത്; പാപങ്ങൾ കേട്ട് അവർ പരവശപ്പെടാറുമില്ല. ഈശോ നമ്മുടെ പാപങ്ങൾ വേദനയോടെ സ്വീകരിച്ചതുപോലെയാണ് ഓരോ വൈദികനും വിങ്ങുന്ന ഹൃദയത്തോടെ നമ്മുടെ പാപങ്ങൾ ഉൾക്കൊള്ളുന്നതും നമ്മെ വിശുദ്ധീകരിക്കുന്നതും. തെറ്റുകളെ ബോദ്ധ്യപ്പെടുത്തി അതിൽനിന്നും പിന്തിരിയാൻ തക്കവിധമുള്ള വാക്കുകൾ പറയാൻ വൈദികർക്കു സാധിക്കുന്നത് അവർക്കു നല്കപ്പെട്ടിരിക്കുന്ന വലിയ കൃപയാലാണ്. വിങ്ങുന്ന ഹൃദയത്തോടെ കുമ്പസാരക്കൂട്ടിൽ കയറിയാൽ പാപമോചനം ലഭിച്ച് ആശ്വാസത്തോടെ, സന്തോഷത്തോടെ, ധൈര്യത്തോടെ ഇറങ്ങിവരാൻ നമുക്ക് സാധിക്കുന്നത് ദീർഘനാളത്തെ വൈദികരുടെ പഠനങ്ങളും പരിശീലനവുംകൊണ്ടു മാത്രമല്ല, അവർക്കു ലഭിച്ച കൈവയ്പിന്റെ കൃപയും ഒരുക്കത്തിന്റെ നന്മയുംകൊണ്ടുമാണ്. ഈ നോമ്പുകാലത്ത് ശരിയായ അനുതാപത്തോടെ നമ്മുടെ തെറ്റുകൾ തിരുത്തി അവ ഏറ്റുപറഞ്ഞ് നമ്മുടെ ആത്മാക്കളെ വിശുദ്ധീകരിച്ച് പരിശുദ്ധ കുർബാനയിൽ യോഗ്യതയോടെ പങ്കുചേർന്ന് ലോകരക്ഷകനെ നമുക്കു ഹൃദയത്തിൽ സ്വീകരിക്കാം. പൂർണ്ണമായി ഈശോയുടേതായിത്തീരാം...



സ്നേഹം: പാഠവും പഠനവും-2

# നന്മയിൽ സ്നേഹം കേന്ദ്രീകരിക്കുന്നതിനുള്ള തടസ്സങ്ങൾ

**ഡോ. ജേക്കബ് കോയിപ്പള്ളി**
കാനാ, തുരുത്തി

നമ്മെ പൂർണ്ണരാക്കാനും സുഖപ്പെടുത്താനും പുനരുദ്ധരിക്കാനും കഴിയുന്ന നന്മയിലേക്കാണ് നാം സ്നേഹം കേന്ദ്രീകരിക്കേണ്ടത്.

അപൂർണ്ണതകളിൽനിന്നും പൂർണ്ണതകളിലേക്കുള്ള നീക്കത്തിൽ നമുക്കേറ്റം അനുഭവവേദ്യമാകുന്നത് സന്തോഷത്തിനുവേണ്ടിയുള്ള നമ്മുടെ പരക്കംപാച്ചിലാണ്.

ഇവിടെയാണ് നമ്മിൽ സ്നേഹബന്ധങ്ങൾ രൂപംകൊള്ളുക. നിർഭാഗ്യവശാൽ നാം പലപ്പോഴും ഒട്ടിച്ചേരുന്നത് നമ്മെ അനുഗ്രഹിക്കുന്നവയേക്കാൾ നമ്മെ കുടുക്കിലാക്കുന്നവയോടാണ്. നമ്മെ ശരിയായവിധം നയിക്കാൻ തക്കവണ്ണം വിലയില്ലാത്തതിനോട് നമ്മെ ചേർത്തുവയ്ക്കാനുള്ള ഒരു സമ്മർദ്ദം നമുക്കുള്ളിലുണ്ടാവാറുണ്ട്.

ഒരുപക്ഷേ, അത് അതിൽത്തന്നെ ചീത്തയൊന്നുമാവില്ല. എന്നാൽ നമ്മെ ഉപരിനന്മയിലെത്തിക്കാൻ തക്കവിധം അതിനു ശ്രേഷ്ഠതയുണ്ടാവില്ല.

സ്നേഹത്തിന്റെ ഈ വഴിതെറ്റലിൽ, സന്തോഷത്തിന്റെ ഈ പരക്കംപാച്ചിലിൽ, നാം നമ്മെ വിലകുറഞ്ഞവരാക്കുന്നു.

തെറ്റായ അടുപ്പങ്ങളും കൂട്ടുകെട്ടുകളും നമ്മെ വിരൂപരാക്കുന്നു.

ദൈവത്തിന്റെ സ്നേഹം നമ്മെ എന്താക്കി രൂപകല്പന ചെയ്യുന്നുവോ അതിൽനിന്ന് നമ്മുടെ രൂപം മാറുന്നു.

ആഗ്രഹപൂർത്തീകരണങ്ങൾക്കുള്ള സ്വാതന്ത്ര്യമല്ല സന്തോഷത്തിന്റെ മർമ്മം. ആഗ്രഹങ്ങളെ ചിതപ്പെടുത്തുക എന്നതാണ് സന്തോഷത്തിന്റെ കേന്ദ്രം.

നമ്മുടെ അസന്തുഷ്ടിയുടെ കാരണം ഒന്നുകിൽ നാം തെറ്റായവ ആഗ്രഹിക്കുന്നു എന്നതോ ശരിയായവ തെറ്റായ രീതിയിൽ ആഗ്രഹിക്കുന്നു എന്നതോ ആണ്.

ലോകത്തിലുള്ളവയൊക്കെ ആവശ്യപ്രദമാണ്. എന്നാൽ നമ്മെ പരമാവധി സന്തോഷത്തിലെത്തിക്കുന്നത് എന്താണോ അത് നമ്മുടെ ഹൃദയത്തെയും നമ്മുടെ സ്നേഹബന്ധത്തെയും കീഴടക്കാൻ കഴിവുള്ളതാകണം. അത് നമ്മുടെ ഉപരിയായ നന്മയ്ക്ക് ഉതകുന്നതുമായിരിക്കണം.

പണത്തിന് അതിനുള്ള കഴിവില്ല. നമ്മെക്കാൾ വിലകുറഞ്ഞവയെ നമ്മുടെ ലക്ഷ്യമാക്കുന്നത് നമുക്കു സംഭവിക്കാവുന്ന ഗുരുതരമായ അപഭ്രംശമാണ്.

നമുക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവ എന്നതിൽനിന്ന് നാം അവയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടതുപോലെയാവുന്നത് സ്നേഹത്തിന്റെ വഴിതെറ്റലാണ്.



# തിരിച്ചു നടക്കാനറിയാവുന്നവർ

**ജിസ കൂട്ടിയാനിയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മലമുകളിൽ കയറിയാൽ ദൈവാനുഭവം കിട്ടുമത്രേ. ആരുടെയോ അഭിപ്രായം കേട്ടാണ് അയാൾ മലകയറിത്തുടങ്ങിയത്. ഉള്ളിന്റെ ഉള്ളിൽ കെട്ടടങ്ങിയ സമാധാനവും സന്തോഷവും തിരിച്ചു പിടിക്കാനുള്ള വെമ്പലായിരുന്നു മനസ്സിൽ. മല കയറി തിരിച്ചിറങ്ങുന്നവരുടെ മുഖത്തേക്ക് അയാൾ നോക്കി. അവർക്കൊക്കെ സന്തോഷം തന്നെ. മുകളിൽ മരച്ചുവട്ടിലിരുന്ന കാഷായ വസ്ത്രധാരി അയാളെ നോക്കി പുഞ്ചിരിച്ചു. ആഗമനോദ്ദേശ്യം പറഞ്ഞപ്പോൾ വീണ്ടും മലകയറാനായിരുന്നു മറുപടി. ഒടുവിൽ തന്റെ ലക്ഷ്യത്തിലയാളെത്തി. മലയുടെ നെറുകയിൽ നിന്നു ചുറ്റും നോക്കിയ അയാൾ അത്ഭുതപ്പെട്ടുപോ

യി. അതിമനോഹരമായ താഴ്‌വാരം. അങ്ങകലെ താഴെയായി ഒഴുകുന്ന മനോഹരിയായ പുഴ, മലകളിൽക്കൂടി ഒഴുകിയിറങ്ങുന്ന കൊച്ചരുവികൾ, മലമടക്കുകളിൽ ചാഞ്ഞിറങ്ങിയ കോടമഞ്ഞിൻ മേഘപാളികൾ കീറിയെത്തിയ സൂര്യരശ്മികൾ മഴവില്ലിന്റെ മനോഹാരിത രചിക്കുന്നു. മലമടക്കുകൾക്കിടയിലൂടെ മഴപ്പുള്ളുകൾ പാറിനടക്കുന്നു. മലമുകളിലെ പൂമണമുള്ള ചെറുകാറ്റ് അയാളെ തഴുകി കടന്നുപോയി.

എത്ര മനോഹരമാണീ താഴ്‌വര. ഇതേതാണീ സ്ഥലം? സന്ന്യാസി പുഞ്ചിരിച്ചു. എന്നിട്ടു പറഞ്ഞു, ഇയാൾ എവിടെ നിന്നാണോ മലകയറാൻ തുടങ്ങിയത് അവിടംതന്നെ. വലിയ ദൈവിക വെളിപാടു ലഭിച്ചവനെപ്പോലെ അയാൾ നിശബ്ദനായി. താമസിയാതെ അയാൾ തിരിച്ചിറങ്ങിത്തുടങ്ങി. അപ്പോൾ അയാളുടെ മനസു നിറയെ ശാന്തതയായിരുന്നു.

നോമ്പുകാലം ഒരു തിരിച്ചു നടപ്പാണ്. തിരിച്ചു നടക്കണമെങ്കിൽ എന്തെങ്കിലും കണ്ടെത്തിയേ തീരൂ. തിരുവചനത്തിൽ തിരിച്ചു നടക്കുന്നവരുടെ ഒരു നിരതന്നെയുണ്ട്. മാലാഖയുടെ അറിയിപ്പനുസരിച്ചു പുൽക്കൂട്ടിലേക്ക് നീങ്ങിയ ഒരു ഗണം ആട്ടിടയന്മാരാണ് അവരിൽ ഒരു കൂട്ടർ. സകല ജനത്തിനും വേണ്ടിയുള്ള രക്ഷയുടെ സദ്‌വാർത്ത നേരിൽകണ്ട അവർ സന്തോഷത്തോടെ തിരിച്ചു നടക്കുന്നു.

രക്ഷകനെ തേടിയെത്തിയ ജ്ഞാനികൾ, യൂദന്മാരുടെ രാജാവിനെ കൺകുളിർക്കെ കണ്ട് ആരാധിച്ചു തിരികെ പോകുകയാണ്. ദൈവാലയത്തിൽവച്ച് നഷ്ടപ്പെട്ടുപോയ തങ്ങളുടെ പ്രിയ പുത്രനെ തേടി തിരിഞ്ഞു നടക്കുകയാണ് മറിയവും യൗസേപ്പും. നഷ്ടപ്പെട്ടുപോയതിനെക്കുറിച്ചുള്ള തിരിച്ചറിവാണ് അവരെ തിരിഞ്ഞു നടക്കാൻ പ്രേരിപ്പിക്കുന്നത്. അപ്പന്റെ സ്നേഹത്തിന്റെ ആഴം തിരിച്ചറിവായപ്പോൾ ധൂർത്തപുത്രനും തിരിഞ്ഞു നടന്നു, പിതൃസ്നേഹത്തിന്റെ കരവലയത്തിലേക്ക്. ഹൃദയത്തിൽ നിരാശയും മ്ലാനതയും കൂടുകെട്ടിയപ്പോഴാണ് എമ്മാവൂസിലേക്ക് അവർ ഒളിച്ചോടിയത്. അപ്പമായി കൂടെ നടന്ന നാഥന്റെ സാന്നിദ്ധ്യം ജറുസലേമിന്റെ സന്തോഷത്തിലേക്ക് അവരെ തിരിച്ചു നടത്തി. പത്രോസിനെ തിരിച്ചു നടത്തിയതും ഒരു ചോദ്യമാണല്ലോ? നീ എന്നെ സ്നേഹിക്കുന്നുവോ?

നോമ്പുകാലം നമ്മെ തിരിച്ചു നടക്കാൻ പ്രേരിപ്പിക്കുന്നു. തിരിച്ചു നടത്തുന്നതോ, തിരിച്ചറിവുകൾ തന്നെ. തിരിച്ചറിവുണ്ടാവണമെങ്കിൽ തിരിഞ്ഞു നോക്കാൻ തയ്യാറാവണം. മാംസമത്സ്യാദികളുടെ വർജ്ജനവും ഏതാനും പ്രാർത്ഥനകളുടെ ചൊല്ലിക്കൂട്ടലും മാത്രമായി നോമ്പുകാലം തീർന്നിരിക്കുന്നു. നോമ്പ് തീർന്നാൽ എല്ലാം തഥൈവ. താനെവിടെയാണെന്നും എങ്ങോട്ടാണീ പോക്ക് എന്നും ഒന്ന് നിന്നു ചിന്തിക്കാനായാൽ, ജീവിതത്തിലേക്കു തന്നെ ഒന്നു തിരിഞ്ഞു നോക്കാനായാൽ, തിരിഞ്ഞു നടക്കാൻ തീക്ഷ്ണത കൂടും. തിരിഞ്ഞു നടപ്പിനു കണ്ടെത്തലുകൾ വേണമെന്നർത്ഥം. ഉള്ളിൽ അനുഭവപ്പെടുന്ന സംഘർഷത്തിനുള്ള കാരണം ഉള്ളിൽ തന്നെയാവും. അന്വേഷിക്കുന്ന ദൈവാനുഭവങ്ങളും സന്തോഷവും ഉള്ളിൽ തന്നെയുണ്ടാവാം. അത് തിരിച്ചറിഞ്ഞാൽ തിരിച്ചുനടക്കാൻ എളുപ്പമായി.

ഈ നോമ്പുകാലത്ത് നാം എവിടെനിന്നു തുടങ്ങിയോ അവിടേക്ക് തിരിച്ചു നടക്കാം നമുക്ക്... ദൈവത്തിലേക്കും സഹോദരങ്ങളിലേക്കും തന്നിലേക്കു തന്നെയും...



## കവിത

അനിത ആത്രശ്ശേരിയിൽ

ഒരു നിമിഷം ഞാനറിയട്ടെ നാഥാ നിൻ
ഒരിക്കലും മറക്കാത്ത നനവൂറും സ്നേഹത്തെ.
മധുകണം തോൽക്കുന്ന മധുരമാണെന്ന്
ഞാനറിയട്ടെ, അലിയട്ടെ, ആമഗ്നയാകട്ടെ.
നിറഭേദമില്ലാത്ത നിറവാർന്ന സ്നേഹമേ
നീ തന്നെയാണെന്റെ ആശാനികേതവും
കറകളകറ്റി ഞാനിന്നു നിൻ ചാരത്തായി
അണയുന്നു ആത്മാഭിഷേകം നിയേകണെ.
മായാവിലാസങ്ങളെന്നെ വലയ്ക്കുമ്പോൾ
മാറാത്ത സനേഹിതനായ് നിന്നിടണം
മാഞ്ഞുമറയുമീ മന്നിന്റെ മോഹങ്ങൾ
എന്നെ തകർക്കാതെ എന്നും കരുതണെ
എന്നിലെ 'ഞാനിനെ' നിന്നിൽ തരുന്നിതാ
നിന്നിഷ്ടം പോലെന്നെ വാർത്തെടുത്തീടുക.
എന്നെ തകർക്കുന്ന മോഹക്കിനാവുകൾ
ചേക്കേറുവാനിടം എന്നിലുണ്ടാകാതെ-
നീയാൽ നിറയണം വചനം നിറയണം
കൃപതന്നലങ്കാരം കവചമായ് നൽകണം.
ദൈവഭയമതും സോദര സ്നേഹവും
എന്നെ നയിക്കട്ടെ എൻ സ്വന്തമാകട്ടെ.
എന്നുമാ സ്നേഹത്തിലൊന്നായ് തീരണം
എന്നേശുനാഥന്റെ മാത്രമായ് മേവണം.








**ഡീക്കൻ റോബിൻ മുതുമരത്തിൽ**

നോമ്പുകാലമെന്ന് കേൾക്കുമ്പോഴേ ചിലരുടെയെങ്കിലും മനസിലേക്ക് കടന്നുവരുന്ന ചില ചിന്തകൾ പ്രാർത്ഥന, ഉപവാസം, പ്രായശ്ചിത്തം എന്നിങ്ങനെയൊക്കെയാണല്ലോ. നമ്മിലെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കുവാൻ ഓർമ്മപ്പെടുത്തുന്ന ഒരു കാലഘട്ടമാണ് നോമ്പുകാലം. മാനസാന്തരം അഥവാ തിരിഞ്ഞുനോട്ടം എന്നർത്ഥമുള്ള പേത്തുർത്തായോടു കൂടിയാണ് നോമ്പുകാലം ആരംഭിക്കുന്നത്. വലിയ നോമ്പ് അഥവാ അമ്പത് നോമ്പ് എന്നറിയപ്പെടുന്ന ഈ കാലം സഹനത്തെയും മരണത്തെയും കുറിച്ചുള്ള ചിന്തകൾ ഉണർത്തുന്നു. ഈ കാലഘട്ടത്തിലെ പ്രാർത്ഥനകളിലൂടെ കണ്ണോടിക്കുമ്പോൾ വിശ്വാസികളെ സഭ ഓർമ്മപ്പെടുത്തുന്നത് ഭൗമിക ജീവിതത്തിന്റെ നശ്വരതയും പാപം ഉപേക്ഷിക്കേണ്ട ആവശ്യകതയുമാണ്.

കാര്യമായ അർത്ഥത്തിൽ നോമ്പാചരണം നാല്പതുദിവസമാണ് (വിഭൂതി തിങ്കൾ മുതൽ പെസഹാവ്യാഴം വരെ, ഞായറാഴ്ചകൾ ഒഴിവാക്കി). മാർത്തോമ്മാ നസ്രാണികളുടെയിടയിൽ അമ്പതുദിവസം നോമ്പാചരിക്കുന്ന സന്ന്യാസശൈലിയാണ് നിലവിലി



രിക്കുന്നത്. അനുതാപത്തിന്റെ ആവശ്യകത വിളിച്ചോതുന്ന വിഭൂതിയും മിശിഹായുടെ രാജകീയ ജറുസലേം പ്രവേശനത്തെക്കുറിക്കുന്ന ഓശാനയും വി. കുർബാന സ്ഥാപിക്കപ്പെട്ട പെസഹായും ഈശോ മാനവകുലത്തോടുള്ള തന്റെ സ്നേഹവും കരുണയും കരുതലും വെളിപ്പെടുത്തിക്കൊണ്ട് കുരിശിൽ സ്വജീവൻ ബലിയർപ്പിച്ച ദിനമായ ദുഃഖവെള്ളിയും മാമ്മോദീസാ വ്രതനവീകരണത്തിന്റെ വലിയ ശനിയുമാണ് നോമ്പിലെ പ്രധാന ദിവസങ്ങൾ.

ജീവനില്ലാത്ത ടച്ച് സ്ക്രീൻ പരതി മരവിച്ചിരിക്കുന്ന മനുഷ്യകുലം ഒന്നു മനസിലാക്കട്ടെ നിനക്കുവേണ്ടിയും എനിക്കുവേണ്ടിയും മരിച്ച ഒരുവനുണ്ടായിരുന്നു. അവനിന്ന് ഉത്ഥിതനാണ്. ഇന്നവൻ ജീവിക്കുന്ന ദൈവമായി, വി. കുർബാനയായി മുറിയപ്പെടുന്നു - ജീവനില്ലാത്തവർക്ക് പുതുജീവൻ നല്കുവാൻ, കാലത്തിന്റെ കുത്തൊഴുക്കിൽ നഷ്ടപ്പെട്ട സൃഷ്ടികൾക്ക് പുത്തൻ പ്രതീക്ഷകൾ നല്കുവാൻ, ദുഃഖവെള്ളിക്ക് ശേഷം പ്രത്യാശ പകരുന്ന ഈസ്റ്റർ ഉണ്ടെന്ന് ഓർമ്മപ്പെടുത്തുവാൻ ഈ നോമ്പുകാലത്തിലൂടെ അവൻ ആഗ്രഹിക്കുന്നു.

ഈ നോമ്പുകാലം ആചരിക്കുവാനായിട്ട് നാം ഒരുങ്ങുമ്പോൾ ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത് ചില ഭക്ഷണ പദാർത്ഥങ്ങൾ മാത്രം ഉപേക്ഷിക്കണമെന്നല്ല. മറിച്ച് നമ്മെ ഏറ്റവും ബുദ്ധിമുട്ടിലാക്കുന്ന കാര്യത്തെ കർത്താവിന്റെ ശക്തിയാൽ കരസ്ഥമാക്കുവാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനായി കൂടിയാണ്. നാം ആയിരിക്കുന്ന ജീവിതസാഹചര്യങ്ങളിൽ നിന്ന് അല്പസമയം മാറിനിന്നുകൊണ്ട് നമ്മെത്തന്നെ ഒന്നളക്കുവാനുള്ള സമയം. ജീവിതമാകുന്ന നമ്മുടെ വാഹനം നോമ്പാകുന്ന വർക്ക്ഷോപ്പിൽ കയറ്റി പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളുമാകുന്ന ഉപകരണങ്ങൾക്കൊണ്ടു പരിശോധിച്ച് പരിശുദ്ധാവിന്റെ ദാനങ്ങളും ഫലങ്ങളും ചേർന്ന പെയിന്റുകൾ അടിച്ച് ഈശോയാകുന്ന ഇന്ധനമൊഴിച്ച് പരി. അമ്മയെ കൂട്ടുപിടിച്ച് ഒരു പുതിയ ജീവിതവാഹനമായി ക്രിസ്ത്യാനികളായ നാമോരുത്തരും പ്രത്യാശ പകരുന്ന ഈസ്റ്ററായി നിരത്തിലിറങ്ങുമ്പോൾ അത് കാണുന്നവർക്ക്, നിന്നോടൊപ്പം യാത്ര ചെയ്യുന്ന അപരന്, നീ നേടിയെടുത്ത ഈ അനുഭവത്തിലൂടെ മിശിഹായെ നൽകുവാൻ സാധിച്ചാൽ ഈ നോമ്പുകാലംകൊണ്ട് നിനക്ക് നേട്ടമുണ്ടായി എന്ന് കരുതാം. ഈ ഒരനുഭവം ഉണ്ടാകുന്നതിന് സ്ഥാനമാനങ്ങൾ ഒരു തടസമല്ല. കാരണം മിശിഹായുടെ മുന്നിൽ മുഖം നോട്ടമില്ല. ഇനി സ്ഥാനമാനങ്ങൾ നിനക്ക് തടസമാണെങ്കിൽ തിരുത്തേണ്ടത് തിരുത്താൻ ഇനിയും സമയമുണ്ട്. ഇപ്പോഴെങ്കിലും അതിനായി പരിശ്രമിക്കുക. അല്ലെങ്കിൽ നീതിവിധിയാളനായ കർത്താവിന്റെ നീതിയുടെ വാതിലിലൂടെ പ്രവേശിക്കേണ്ടിവരും എന്നത് മറക്കരുത്. കരുണയുടെ കവാടം ഇനിയും അടയ്ക്കപ്പെട്ടിട്ടില്ല എന്നുകൂടി ഈ നോമ്പുകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. നിന്റെ ജീവിതത്തിലൂടെ വിരിയാനിരിക്കുന്ന നീയാകുന്ന വിശുദ്ധന്റെ, വിശുദ്ധയുടെ ആ പൂമൊട്ടുകൾ പിഴുതെറിയരുതേ. കാരണം സ്വർഗത്തിൽ വിരിയാനിരിക്കുന്ന ഒരു മുല്ലപ്പൂമൊട്ടാണത്. ഈ നോമ്പുകാലം അനുസ്മരിക്കുമ്പോൾ നാം ഓരോരുത്തരും ചെയ്യുന്ന പുണ്യപ്രവൃത്തികൾ ഓരോന്നും സ്വർഗത്തിൽ വിരിയാനിരിക്കുന്ന നീയാകുന്ന വിശുദ്ധന് സമ്മാനമായി നൽകുന്ന വളങ്ങളാണെന്ന കാര്യം മറക്കരുതേ. അവിടെയൊരു ജീവിതമുണ്ടെന്ന് ഓർമ്മിക്കണം. വി. പൗലോസ്ശ്ലീഹായുടെ ലേഖനത്തിൽ നാം കാണുന്നതുപോലെ "ഈ ജീവിതത്തിനുവേണ്ടിമാത്രം മിശിഹായിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരേയുംകാൾ നിർഭാഗ്യരാണ്" (1 കൊറി 15,10).



പ്രതീക്ഷയുടെ പൂമൊട്ടുകൾ

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

നോമ്പുകാലം ആരംഭിക്കുകയാണ്. ഈശോയുടെ പീഡാനുഭവവും മരണവും പ്രത്യേകമായി അനുസ്മരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. ദൈവസ്നേഹം അറിയാതെയും മനസ്സിലാക്കാതെയും പാപത്തിൽ ജീവിക്കുന്ന മനുഷ്യനെ ദൈവസ്നേഹത്തിലേക്കും രക്ഷയിലേക്കും ആനയിക്കുവാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ് ഈശോയുടെ പീഡാനുഭവവും മരണവും. ദൈവത്തിനു മനുഷ്യരോടുള്ള രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും സംഭവിച്ചത്. ഇന്ന് സഭയിൽ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ദിവ്യരഹസ്യപരികർമ്മങ്ങളിലൂടെ ഇതു തുടരുന്നുണ്ടെങ്കിലും അതു പരികർമ്മം ചെയ്യുന്ന പുരോഹിതരുടെ അജപാലനശുശ്രൂഷയിലൂടെ ഈ രക്ഷാകരസ്നേഹം ലോകത്തിനു വെളിപ്പെടേണ്ടിയിരിക്കുന്നു. ഇതു സാധ്യമാകണമെങ്കിൽ പുരോഹിതരായ നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലും ഈ സ്നേഹത്തിന്റെ പ്രതിഫലനമുണ്ടാവണം. അപ്രകാരമുള്ള അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഈ നോമ്പുകാലം നമുക്ക് സഹായകരമാകട്ടെ എന്നാശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2018 ജനുവരി 29 മുതൽ ഫെബ്രുവരി 5 വരെ അർമേനിയായിൽ വച്ചു നടക്കുന്ന അന്താരാഷ്ട്ര എക്യുമെനിക്കൽ കമ്മീഷന്റെ മീറ്റിംഗിൽ സംബന്ധിക്കുവാനും അതേത്തുടർന്ന് മാൾട്ടായിൽ വച്ചു നടക്കുന്ന ജനറൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുക്കുവാനുമായി ജനറൽ മേജർ ഫാദർ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ജനുവരി 27-ാം തീയതി റോമിലേക്കു പോകും. റോമിൽനിന്നും ജനുവരി 29ന് അർമേനിയായിലേക്കും അവിടെനിന്നും ഫെബ്രുവരി 5 ന് തിരികെ റോമിലേക്കും തിരിച്ചുവന്നതിനുശേഷമാണ് മാൾട്ടായിലേക്കു പോകുന്നത്. മീറ്റിംഗുകൾക്കുശേഷം ഫെബ്രുവരി 12-ാം തീയതി അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തും.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.



# വയോജനങ്ങൾക്കായി ഒത്തുചേരാം

(കഴിഞ്ഞ ലക്കം തുടർച്ച)

**ടോംസ് ആന്റണി**
തത്തംപള്ളി

**പ്രാദേശിക തലത്തിൽ വയോജന കൂട്ടായ്മകൾ സംഘടിപ്പിക്കുക**

പ്രാദേശിക സർക്കാരുകളോ, സന്നദ്ധ സംഘടനകളോ വയോജനവേദികളോ ഇതിനായി മുന്നിട്ടിറങ്ങണം. പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള അയൽസഭകളിലെ വയോജനങ്ങൾക്കുവേണ്ടി വയോജനസഭകൾ രൂപീകരിക്കുന്നത് നല്ലതാണ്. മാസത്തിൽ ഒരിക്കലെങ്കിലും അവർക്കിഷ്ടമുള്ളിടത്ത് ഒന്നിച്ചു കൂടുവാനും, അനുഭവങ്ങൾ പങ്കിടുവാനും, കലാപരിപാടികൾ അവതരിപ്പിക്കാനുമുള്ള അവസരം ഒരുക്കണം. ഇത്തരം പരിപാടികളെ



## പ്രതീക്ഷയുടെ പൂമൊട്ടുകൾ

നീണ്ട ഉദ്ഘാടനങ്ങൾ നടത്തി വിരൂപമാക്കാതിരിക്കുക. വയോജനങ്ങൾക്കുവേണ്ടിയുള്ള എല്ലാ പരിപാടികളും പൂർണ്ണമായും വയോജന സൗഹൃദമായിരിക്കണം.

**പകൽവീടുകൾ**

വൃദ്ധമന്ദിരങ്ങളല്ല നമുക്ക് വേണ്ടത്. അത് ആരോരുമില്ലാത്തവർക്കുവേണ്ടി മാത്രമാകട്ടെ. നോക്കാൻ ആളില്ലാത്തവർ വൃദ്ധമന്ദിരങ്ങളിൽ കഴിയട്ടെ. അത് അവർക്ക് സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും വേദിയായി മാറണം. പകൽവീടുകൾ ഇന്ന് ധാരാളമുണ്ട്. പഞ്ചായത്തുതലങ്ങളിൽ അവ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അവർക്ക് എത്തിപ്പെടുവാൻ പറ്റിയ സ്ഥലത്താവണം അത് പണിയേണ്ടത്. താഴത്തെ നിലയിലുമാകണം. ടി.വി. കാണാനും വിവിധ കളികൾ നടത്താനുമുള്ള സംവിധാനങ്ങൾ, കൃഷി ചെയ്യാനുള്ള മാർഗ്ഗങ്ങൾ, ഒന്നിച്ചിരിക്കാനും, സൗഹൃദം പങ്കുവെയ്ക്കുവാനുമുള്ള ഇടങ്ങൾ എന്നിവയെല്ലാം ഇവിടെയുണ്ടാകണം. പകൽ മാത്രം കൂടിയിരുന്ന് വിരസതയകറ്റാനുള്ള വേദിയാണിവ. കൂടാതെ സമകാലീനരുമായി സംവദിക്കാനുള്ള സുന്ദരമായ സംവിധാനവും.

**പരാതികൾ കേൾക്കുക പരിഹരിക്കുക**

വയോജനങ്ങളുടെ പരാതികൾ കേൾക്കുവാനും ഉടനടി പരിഹരിക്കുവാനുള്ള സംവിധാനങ്ങൾ പഞ്ചായത്തുതലത്തിലും ഇതര സന്നദ്ധസംഘടനാ തലങ്ങളിലും ഉണ്ടാകണം. ലീഗൽ സർവ്വീസ് അതോറിറ്റി പോലുള്ള നിയമസംവിധാനങ്ങളെ പ്രയോജനപ്പെടുത്തുവാൻ കഴിയണം. അതുവഴി സൗജന്യ നിയമസഹായങ്ങൾ നൽകുവാനും കഴിയണം.

**വയോജനക്ലബ്ബുകൾ**

രൂപീകരിക്കപ്പെട്ടിട്ടുള്ള വയോജന ക്ലബ്ബുകൾ ധാരാളമുണ്ട്. അവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക-സാമൂഹിക-സാങ്കേതിക സഹായങ്ങൾ നൽകുവാൻ പുതിയ തലമുറയും പഞ്ചായത്തുകളും സന്നദ്ധ സംഘടനകളും തയ്യാറാകണം. പുതിയ വയോജനക്ലബ്ബുകൾ രൂപീകരിക്കാനും അതിനെ സജീവമായി നിലനിർത്താനുമുള്ള സാഹചര്യം സൃഷ്ടിക്കാനും കഴിയണം.

**വയോജനപ്രശ്നങ്ങൾ ചർച്ചയാവണം**

പ്രാദേശിക ഭരണസംവിധാനങ്ങളുടെ കമ്മറ്റികളിൽ വയോജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ചയായി വരണം. ഇവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി പ്രത്യേകമായി വയോജനങ്ങളുടെ ഗ്രാമസഭ വിളിച്ചുകൂട്ടണം. പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച്, അവർക്കുവേണ്ടി കർമ്മപദ്ധതികൾ രൂപീകരിക്കുകയും ദിശാവിശകലനം നടത്തുകയും ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്യണം. നമ്മുടെ പാഠ്യപദ്ധതിയിൽ വയോജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളും അവരെ ആദരിക്കേണ്ടതിന്റെ അനിവാര്യതയും ഉൾപ്പെടുത്തേണ്ടതുണ്ട്. വൃദ്ധരെ ആദരിക്കൽ, രോഗീസന്ദർശനം എന്നിവ സ്കൂളുകളിലെ പ്രത്യേക കർമ്മപരിപാടികളായി മാറണം.

സഭാതലങ്ങളിലും വയോജനങ്ങൾക്കായി പ്രത്യേകം സംവിധാനങ്ങളും, വേദികളും രൂപീകരിക്കണം. വർഷത്തിൽ ഒരിക്കലെങ്കിലും വയോജനങ്ങൾക്കുവേണ്ടി വി. കുർബ്ബാന, കൂട്ടായ്മകൾ എന്നിവ പ്രത്യേകമായി സംഘടിപ്പിക്കണം. യുവജനങ്ങൾ അവരെ ഭവനങ്ങളിൽ നിന്ന് പള്ളിയിൽ എത്തിക്കാനുള്ള ക്രമീകരണങ്ങൾ ഉത്സാഹത്തോടെ ചെയ്യണം.

**വയോജനസൗഹൃദ പൊതുഇടങ്ങൾ**

പൊതുഇടങ്ങൾ വയോജന സൗഹൃദമാക്കണം. ഉദാഹരണത്തിന് ആശുപത്രികളിൽ



വയോജനങ്ങൾക്ക് ഇരിക്കാനും, ചികിത്സയ്ക്കും, പരിശോധനയ്ക്കും മുന്തിയ പരിഗണന നൽകാനും കഴിയണം. പൊതുഇടങ്ങളിലെല്ലാം വയോജനങ്ങൾക്ക് കയറാനുള്ള റാമ്പ്, സുരക്ഷിതമായി ഇരിക്കാനുള്ള സജ്ജീകരണങ്ങൾ എന്നിവ ഏർപ്പെടുത്തണം. ബസ്സിൽ അവർക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ മാത്രമല്ല, മറ്റു സീറ്റുകൾകൂടി അവർക്ക് ഒഴിഞ്ഞുകൊടുക്കാനുള്ള വിശാലത നമുക്കുണ്ടാകണം. വയോജനങ്ങളോട് ആർദ്രതയോടെയും ആദരവോടും കൂടെ പെരുമാറാനും ശീലിക്കണം.

സാമൂഹികക്ഷേമ വകുപ്പുവഴി വയോജനങ്ങൾക്കുനൽകിവരുന്ന സാമ്പത്തികവും അല്ലാത്തതുമായ സംവിധാനങ്ങളും പ്രയോജനങ്ങളും അവർക്ക് കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കുവാനും വിലയിരുത്തുവാനും നാം ശ്രദ്ധിക്കണം. കൂടാതെ വയോജനങ്ങൾക്കുവേണ്ടി പ്രത്യേകമായ കൗൺസിലിംഗ്, ഹെൽപ്പ് ലൈൻ, വിവിധതരത്തിലുള്ള മെഡിക്കൽ ക്യാമ്പുകൾ, എന്നിവ നടത്തണം. രോഗികളായ വയോജനങ്ങളെ അവരുടെ വീടുകളിൽ പോയി കണ്ട് ആശ്വസിപ്പിക്കാനും നാം ബദ്ധശ്രദ്ധരാകേണ്ടതുണ്ട്.

ഒക്ടോബർ 1 വയോജനദിനമായി നാം ആചരിക്കാറുണ്ട്. ഇത് കേവലം ഒരു ദിനാചരണത്തിനപ്പുറം വയോജനങ്ങളെ ആദരിക്കാനും അംഗീകരിക്കാനും വിലമതിക്കാനുമുള്ള അവസരങ്ങളാക്കി മാറ്റണം. പുതിയ തലമുറയിലേക്ക് മുതിർന്ന തലമുറയെ ആദരിക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തണം. അതിനുള്ള സുവർണ്ണാവസരങ്ങളായി ഇത്തരം ദിനാചരണങ്ങൾ മാറണം.

**വൃദ്ധജനങ്ങളോട്....**

മരണത്തെക്കുറിച്ചോർത്തുകൊണ്ടല്ല വാർദ്ധക്യം ചെലവഴിക്കേണ്ടത്. മരണം വരുന്നത് ഒരു ദിവസം മാത്രമാണ്. ജീവിക്കാൻ ഒരുപാട് ദിനങ്ങളുണ്ട്. നൂറുകണക്കിന്, ആയിരക്കണക്കിന് ദിവസങ്ങൾ ഇനിയും ജീവിച്ചുതീർക്കാനുണ്ട് എന്ന് ഓർക്കണം; അതും സന്തോഷത്തോടെ. ഇനിയുള്ള ജീവിതം ആനന്ദഭരിതമാകണം. മറ്റുള്ളവർക്ക് സ്നേഹം പകർന്നുനൽകുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും എല്ലാവരിലേക്കും തങ്ങൾക്കുകിട്ടിയ നല്ല അനുഭവങ്ങൾ പങ്കിടാനുമുള്ള നല്ല അവസരങ്ങളാക്കി വാർദ്ധക്യത്തെ മാറ്റുക. പരാതിയും പരിഭവവും പിണക്കങ്ങളും ഒഴിവാക്കുക. ചുറ്റുമുള്ളവർക്ക് വയോജനങ്ങളുടെ സാന്നിദ്ധ്യം ആനന്ദം പകരുന്നതാകണം. തികഞ്ഞ ചാരിതാർത്ഥ്യത്തോടെ ജീവിത സായാഹ്നത്തിലേക്കു കടക്കുവാൻ കഴിയണം. മുഖത്തു വിടരേണ്ടത് നന്മയുടേയും, ആത്മീയതയുടേയും ഊർജ്ജമാകണം.

**വാർദ്ധക്യം സുന്ദരമാണ്**

ജീവിതത്തിലെ ഓരോ കാലഘട്ടവും പോലെ വാർദ്ധക്യവും സുന്ദരമാണ്. ഈ കാലഘട്ടംകൊണ്ട് ഇനി ഒരു അർത്ഥവുമില്ല; വാർദ്ധക്യകാലം അധികപറ്റാണ് എന്ന വയോജനങ്ങളുടെയും സമൂഹത്തിന്റെയും ധാരണകൾ മാറ്റിമറിയ്ക്കണം. വാർദ്ധക്യജീവിതം സമൂഹത്തിന് മുതൽകൂട്ടാവണം. അവരുടെ ജീവിതാനുഭവങ്ങൾ സമൂഹത്തിന് പാഠമാകണം. ഇന്നത്തെ വൃദ്ധജനങ്ങളാണ് ഇന്നലെയുടെ ചരിത്രം രചിച്ചതെന്നോർക്കണം. സമൂഹത്തെ നിർമ്മാണാത്മകമാക്കുന്നതിന് വാർദ്ധക്യത്തിനും നിർണ്ണായകമായ പങ്കുണ്ട് എന്ന് തിരിച്ചറിയണം. ശാപവും ഭാരവുമല്ല വാർദ്ധക്യം; അത് മറ്റൊരു വസന്തകാലഘട്ടമാണ്. എല്ലാ വൃദ്ധജനങ്ങളുടെയും ശരീരം വാർദ്ധക്യ ലക്ഷണങ്ങളാൽ പൂരിതരാകാം; എന്നാൽ മനസ്സ് യൗവ്വനഭരിതമായിത്തീരണം. എല്ലാ വയോജനങ്ങളും സന്തോഷത്തോടെ, നന്മയോടെ, ഉത്സാഹത്തോടെ ശിഷ്ടജീവിതത്തിൽ മുന്നേറട്ടെ.




**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: ദൈവവിളി സ്വീകരിച്ച നിമിഷത്തിൽ സ്വന്തം ഹിതത്തെ പൂർണ്ണമായി തമ്പുരാന് അടിയറവച്ചപ്പോൾ പരിശുദ്ധ അമ്മ അനുഭവിച്ച വേദനയെ ഈ ദിവ്യരഹസ്യത്തിൽ നമുക്കു ധ്യാനിക്കാം.

പരിശുദ്ധ അമ്മേ ദൈവഹിതത്തിനു മുമ്പിൽ എന്റെ ഹിതം ശൂന്യമാക്കേണ്ട അവസരങ്ങൾ ജീവിതത്തിലുണ്ടാകുമ്പോൾ അമ്മ പ്രതികരിച്ചതുപോലെ പ്രതികരിക്കുവാനും 'ആമ്മേൻ' പറയുവാനുമുള്ള ശക്തിയും കൃപയും ഞങ്ങൾക്കായി വാങ്ങി തരേണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: *തന്നെ ഏൽപ്പിച്ച തിരുക്കുമാരനെ സംരക്ഷിക്കാനായി ഒളിച്ചോടേണ്ടിവരുന്ന പരിശുദ്ധ അമ്മയുടെ വേദനനിറഞ്ഞ നിമിഷങ്ങളെ ഈ ദിവ്യരഹസ്യത്തിൽ നമുക്ക് ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ഞങ്ങളെ ഏൽപ്പിച്ചവരെ, ഞങ്ങളോടൊപ്പം ആയിരിക്കുന്നവരെ സംരക്ഷിക്കാൻവേണ്ടി കുരിശുകൾ എടുക്കേണ്ടി വരുമ്പോൾ അങ്ങയെപ്പോലെ അവയെല്ലാം സന്തോഷത്തോടെ സ്വീകരിക്കുവാനും രക്ഷാകരമാക്കി തീർക്കുവാനും വേണ്ട ശക്തിയും കൃപയും ഞങ്ങൾക്കായി വാങ്ങിത്തരേണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: *'നിന്റെ ഹൃദയത്തിലൊരു വാൾ കടക്കും' എന്ന ശിമയോന്റെ പ്രവചനം അന്വർത്ഥമായ നിമിഷങ്ങളിൽ ഉണ്ടായ വേദനയെ സമചിത്തതയോടെ നേരിട്ട പരിശുദ്ധ അമ്മയെ ഈ ദിവ്യരഹസ്യത്തിൽ നമുക്കു ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ജീവിതത്തിൽ ഹൃദയം മുറിയപ്പെടുന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോൾ, താഴ്ത്തിക്കെട്ടുന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോൾ സമചിത്തതയോടെ, ശാന്തതയോടെ അവയെ നേരിടുവാനുള്ള ശക്തിയും കൃപയും ഞങ്ങൾക്കായി വാങ്ങി തരേണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: *കാൽവരി മലയിലേക്ക് ഈശോയോടൊപ്പം നടന്നുനീങ്ങുന്ന പരിശുദ്ധ അമ്മ, ശരീരം മുഴുവനും രക്തത്തിൽ കുളിച്ച് നടക്കാൻപോലും ശക്തിയില്ലാതിരുന്നിട്ടും വലിയ കുരിശുമരവും പേറിക്കൊണ്ട് മുന്നോട്ടു പോകുന്ന തന്റെ പുത്രന്റെ നേരെ നോക്കിയപ്പോൾ ആ അമ്മ അനുഭവിച്ച വേദനയെ ഈ ദിവ്യരഹ്യത്തിൽ നമുക്കു ധ്യാനിക്കാം.*

തന്റെ പുത്രന്റെ കഠിന വേദനയിലും പുത്രനോടൊപ്പം നടന്ന പരിശുദ്ധ അമ്മേ, ഞങ്ങളുടെ ജീവിതത്തിലും കാൽവരി മലകയറേണ്ട അവസരങ്ങൾ ഉണ്ടാകുമ്പോൾ ഞങ്ങളോടൊപ്പം നടക്കേണമേ. കുരിശുവഹിച്ചുകൊണ്ടു നീങ്ങാൻവേണ്ട ശക്തിയും കൃപയും ഞങ്ങൾക്ക് വാങ്ങി തരേണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: *സ്വന്തം പുത്രന്റെ മൃതശരീരം മടിയിൽ ഏറ്റുവാങ്ങിയ അവസരത്തിൽ പരിശുദ്ധ അമ്മ അനുഭവിച്ച വേദന ഈ ദിവ്യരഹസ്യത്തിൽ നമുക്ക് ധ്യാനിക്കാം.*

പരിശുദ്ധ അമ്മേ, ഇഷ്ടപ്പെടുന്നത് നഷ്ടപ്പെടുമ്പോഴും സ്വന്തമെന്നു കരുതിയത് ഇല്ലാതാകുമ്പോഴും ആഗ്രഹിക്കാത്ത അനുഭവങ്ങൾ ജീവിതത്തിലുണ്ടാവുമ്പോഴും അനുഭവപ്പെടുന്ന വേദനകളെല്ലാം നന്മയ്ക്കായി ദൈവം ക്രമീകരിക്കുന്നു എന്ന മനോഭാവത്തോടെ സ്വീകരിക്കാൻ വേണ്ട ശക്തിയും കൃപയും ഞങ്ങൾക്കായി വാങ്ങി തരേണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*





# ദൈവദാസൻ
# ബിഷപ് വില്യം ജക്വീന്താ

## പിതൃമൊഴി

കുരിശ് സ്നേഹത്തിന്റെ ഒരു ഗീതമാണ്:
പിതാവിന്റെ നേർക്കുള്ള
ഈശോയുടെ സ്നേഹത്തിന്റെ ഗീതം;
നമ്മുടെ നേർക്കുള്ള
ഈശോയുടെ സ്നേഹത്തിന്റെ ഗീതം;
അതോടൊപ്പം പിതാവിന്
ഈശോയോടുള്ള സ്നേഹത്തിന്റെ ഗീതം.



RNI: KERMAL/2014/59983
Published on
24th January 2018

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2018-20
Licence No: KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ലോകത്തിന്റെ പാപങ്ങൾ വഹിക്കുന്ന
ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായേ,
ഞങ്ങൾക്കു ജീവനുണ്ടാകുവാനും അതു
സമൃദ്ധമായി ഉണ്ടാകുവാനുമായി സ്വന്തം ജീവൻ
ബലിയായി നല്കിയ നിന്റെ മഹോന്നതസ്നേഹം
ഞങ്ങൾക്ക് അനുഭവവേദ്യമാക്കണമേ.
നിന്റെ സ്ലീവായിലെ ബലിയോടുചേർത്ത് ഞങ്ങളും
ഞങ്ങളുടെ ജീവിതങ്ങളെ സമർപ്പിക്കുവാൻ
അനുഗ്രഹിക്കണമേ".

(എന്താനാ, നോമ്പുകാലം-ഞായർ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O, Kottayam - 686 018, Printed at WiGi Printers, Manganam P.O, Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal